For circulation among believers only

റിന്യൂവൽ: ആത്മീയ പുതുക്കത്തിന്

# റിന്യൂവൽ വാർത്താപത്രിക

Reg. No. M6/33628/2001

Postal Reg. No.
KL/CR/EKM/429/2006-08

Annual Subscription Rs. 50

വാല്യം - 7 | ലക്കം - 7 | ജൂൺ 2008

# മഞ്ഞ് പുതച്ച ലഡാക്ക്



കുംബ

കൊടും ശൈത്യത്തെ വരവേൽക്കുവാൻ ഒരുങ്ങുകയാണ് ലഡാക്ക്. മാനംമുട്ടെ ഉയരമുള്ള മലകളുടെ മടിത്തട്ടിൽ ഭംഗിയായി നിർമ്മിച്ച കുംബകളിൽ (ബുദ്ധ ആശ്രമം) നിന്ന് പ്രാർത്ഥന ഉയരുകയാണ്. ഓം .. മാനേം പത്മേം ഹോം ..... ഓം .... മാനേം ....... ഈ പ്രാർത്ഥന നൂറു പ്രാവശ്യം എഴുതിയ പ്രാർത്ഥനാ ചക്രം ഒരു തവണ കറക്കുമ്പോൾ നൂറു പ്രാർത്ഥന സ്വർഗ്ഗത്തിലെത്തിയെന്നാണ് വിശ്വാസം. ഇതുപോലുള്ള ആയിരക്കണക്കിന് ചക്രങ്ങൾ ഒരു കുംബയിലുണ്ട്. ശൈത്യത്തിനു മുൻപ് ഒരു കുംബയിൽ നിന്ന് 15-20 കോടി പ്രാർത്ഥന ഉയരുമെന്നാണ് കണക്ക്. ഇങ്ങനെ ലഡാക്കിലെ എല്ലാ കുംബയിൽ നിന്നുമായി 'കോടി പ്രാർത്ഥനകൾ' സ്വർഗ്ഗത്തിലെത്തുമ്പോൾ ശൈത്യം വരും എന്ന് ഇവർ വിശ്വസിക്കുന്നു. ഫെബ്രുവരി പകുതി കഴിയുമ്പോൾ കടുത്ത മഞ്ഞിനാൽ ലഡാക്ക് മരവിക്കും. മൈനസ് 28 വരെ താഴും താപനില.

നാലു മാസത്തോളം നീളുന്ന ഈ തണുപ്പിൽ ലഡാക്ക് നിശ്ചലമാകും. വീടിനകത്ത് ബുക്കാരിക്ക് ചുറ്റും (വിറകിട്ട് തീ കായുന്ന സംവിധാനം) എല്ലാവരും അഭയം പ്രാപിക്കും. അത്യാവശ്യം പുറത്തുപോകേണ്ടവർ കമ്പിളി വസ്ത്രങ്ങളും പ്രത്യേക ചണം കൊണ്ട് നെയ്തെടുത്ത ഷൂസും ധരിച്ച് പുറത്തിറങ്ങും. ശൈത്യകാലത്ത് കഴിക്കാനുള്ള ആഹാര വസ്തുക്കൾക്കൊപ്പം യാക്കിന്റെ (ഭക്ഷണത്തിനും, മറ്റ് ചുമടെടുക്കുവാനും ഉപയോഗിക്കുന്ന മൃഗം) ഇറച്ചിയും വീടിന് പുറത്ത് എവിടെയെങ്കിലും കെട്ടിതൂക്കിയിട്ടിരിക്കും (വീടിനകത്ത് സൂക്ഷിക്കാത്തതിനുകാരണം, അകത്ത് ബുക്കാരിയുടെ ചൂടിനാൽ ഇറച്ചി കേടുവരും എന്നതിനാലാണ്. എന്നാൽ പുറത്തേ തണുപ്പിൽ ശൈത്യകാലം മുഴുവൻ കേടുകൂടാതെയിരിക്കും).



മദ്ധ്യനിരയിൽ വലത്തേ അറ്റത്തു നിൽക്കുന്നത് ജോസഫ് ജർഗാൻ. ആദ്യകാല വിദേശ മിഷനറി മാർക്കൊപ്പം

കാർഗിൽ മലനിരകൾക്കിടയിൽ തിബത്തിനോട് ചേർന്നുകിടക്കുന്ന പ്രദേശമാണ് ലഡാക്ക്. സമുദ്രനിരപ്പിൽ നിന്ന് 12,500 അടി മുകളിലാണ് ഈ പ്രദേശം സ്ഥിതി ചെയ്യുന്നത്. ശ്രീനഗറിൽ നിന്ന് ലഡാക്കിലോട്ടുള്ള യാത്ര സാഹസീകത നിറഞ്ഞതാണ് ഹിമഗിരികളെ ചുറ്റി വളഞ്ഞ് കുത്തനെ കയറുന്ന വീതി കുറഞ്ഞ റോഡുകൾ, ഹിമപാതത്താൽ എപ്പോൾ വേണമെങ്കിലും തടസ്സപ്പെടാവുന്ന വഴികൾ. ചിലപ്പോൾ ഓക്സിജൻ കിട്ടാതെ വരും എന്ന അപകടം വേറെയും.

വളരെ കുറഞ്ഞ ജനസംഖ്യയുള്ള ലഡാക്കിലെ ജനതതിയിൽ തിബത്തിൽ നിന്ന് കുടിയേറിയവരാണ് ഭൂരിഭാഗവും. ലഡാക്കി മുസ്ലീം മറ്റൊരു വിഭാഗമാണ്. ബുദ്ധമതാനുഷ്ഠാനങ്ങളുടെ നിറപ്പകിട്ടാണ് ലഡാക്കിലെങ്ങുമുള്ള ദൃശ്യങ്ങൾ. മലയി ൽനിന്ന് മലയിലേക്ക് തോരണം പോലെ കോർത്തിട്ട പ്രാർത്ഥനാ പതാകകൾ, പ്രാർത്ഥനാ ഗോപുരങ്ങൾ, പ്രാർത്ഥനാ ചക്ര മണ്ഡപങ്ങൾ, മലമടക്കുകളിലെ കുംബകൾ.......

വസന്തകാലത്ത് വിളയുന്ന ആപ്പിളും, കുർമാനി (ഈ മേഖലയിൽ കാണുന്ന ഒരു തരം പഴവർഗ്ഗം) യും ആണ് പ്രധാന പ്രകൃതി വിഭവം. കൂടാതെ ചോളവും, ബാർലിയും, ഗോതമ്പും വർഷത്തിലൊരിക്കൽ വിളയുന്ന ധാന്യങ്ങളാണ്. എന്നാൽ ലഡാക്കിന്റെ പ്രധാന വരുമാനം വിനോദ സഞ്ചാര മേഖലയിൽ നിന്നും ലഭിക്കുന്നതാണ്. ലഡാക്കിലെ പ്രധാന പട്ടണമായ ലേയിൽ അതിന്റെ എല്ലാ ആഢംബരവും കാണാം. വിനോദ സഞ്ചാരികളായ വിദേശികളടക്കമുള്ളവരെ ആകർഷിക്കാനുള്ള സംവിധാനങ്ങൾ, റിസോർട്ടുകൾ, ഹോട്ടലുകൾ.,



ആദ്യ മൊറേവ്യൻ ചർച്ചിലെ അംഗങ്ങൾക്കൊപ്പം റവ. വിൽ ഹെല്ലവും ഭാര്യയും (കസേരയിൽ ഇരിക്കുന്നത്) - 1896ൽ എടുത്ത ചിത്രം.

ലേ പട്ടണത്തിന് ക്രിസ്തീയ ഭൂപടത്തിൽ വിലമതിക്കാനാവാത്ത ഒരു സ്ഥാനമുണ്ട്. 1885-ൽ ആണ് മൊറേവ്യൻ മിഷൻ ചർച്ച് ആരംഭിക്കുന്നത്. അതിന് ചില വർഷങ്ങൾക്കു മുമ്പ് തിബത്തിലെ രാജമന്ത്രി ജർഗാൻ ചെയ്യാത്ത കുറ്റം ആരോപിക്കപ്പെട്ടതിനെ തുടർന്ന് നാടുവിട്ടുപോരുകയും ലൂബയിൽ വെച്ച് മൊറേവ്യൻ മിഷനറിമാരായ ഡോ.എ.ഡബ്ല്യൂ ഹൈഡിനെയും, പേഗലിനേയും പരിചയപ്പെടുകയും ചെയ്തു. പിന്നീട് തന്റെ മകൻ സോനം രക്ഷിക്കപ്പെട്ടു. ജോസഫ് ജർഗാൻ എന്നപേര് സ്വീകരിച്ചു. തിബത്ത് ഭാഷയിലേക്ക് ബൈബിൾ പരിഭാഷചെയ്യാൻ ദൈവം ഉപയോഗിച്ച വ്യക്തിയാണ് ജോസഫ് ജർഗാൻ. തന്റെ ആ ഉദ്യമം ലേയിൽവെച്ചാണ് സാധിച്ചത്. (90 വർഷങ്ങൾ നീണ്ട ആ പരിഭാഷയുടെ ചരിത്രം നേരത്തെ റിന്യൂവലിൽ പ്രസിദ്ധീകരിച്ചിരുന്നു). ഇന്ന് ലഡാക്കിൽ മൂന്ന് മൊറേവ്യൻ സഭകളുണ്ട്.

ക്രിസ്തീയ പ്രവർത്തനങ്ങൾ പല സംഘടനകളും, വ്യക്തികളും നടത്തുന്നെങ്കിലും ക്രിസ്തീയ വിശ്വാസത്തിന് ശരിയായ വേരോട്ടം ലഭിക്കാത്ത സ്ഥലമാണ് ലഡാക്ക്. തീവ്രമായ ആചാരാനുഷ്ഠാനങ്ങളിൽ അധിഷ്ഠിതമാണ് ബുദ്ധമതം. പ്രാർത്ഥനാ ചക്രം ഒരുതവണ കറക്കുമ്പോൾ നൂറുപ്രാർത്ഥന സ്വർഗ്ഗത്തിലെത്തുമെന്ന് വിശ്വസിക്കുന്ന ഇവർ പാപത്തെയും വീതിക്കാമെന്ന് വിശ്വസിക്കുന്നു. ഉദാഹരണത്തിന് ഹിംസ പാപമാണെന്ന് പഠിപ്പിക്കുമ്പോൾ തന്നെ യാക്കിനെ

ശേഷം 3-ാം പേജിൽ




## ഹനുമാൻഗഢ്

# ഗോതമ്പ് വിളയുന്ന നാട്ടിൽ

പഞ്ചാബിനോടും, ഹരിയാനയോടും അതിർത്തി പങ്കിടുന്ന രാജസ്ഥാനിലെ ഒരു ജില്ലയാണ് ഹനുമാൻഗഢ്. നേരത്തേ ശ്രീഗംഗ നഗറിന്റെ ഭാഗമായിരുന്ന ഈ ഭൂപ്രദേശം 1994 ജൂലൈ 12നാണ് ഒരു ജില്ലയായി സ്ഥാപിതമായത്. ഗോതമ്പും, കടുകും, പഞ്ഞിയും സമൃദ്ധിയായി ഇവിടെ വിളയുന്നു. ഏത് വടക്കെ ഇന്ത്യൻ സംസ്ഥാനങ്ങളെപോലെ ഇവിടെയും കടുത്ത ശൈത്യവും വേനലും അനുഭവപ്പെടുന്നു.

പഞ്ചാബിനോട് ചേർന്നു കിടക്കുന്നതുകൊണ്ട് ഇവിടെ ധാരാളം സിക്കുകാർ താമസിക്കുന്നു. പൊതുവേ ശാന്തസ്വാഭാവക്കാരാണ് പഞ്ചാബികൾ. മതഭക്തരായ ഈ കൂട്ടർ വിശ്വാസത്തിൽ വിവിധ തട്ടുകളിലാണ്. 'വഹ്ഗുരു' എന്ന ഏക ദൈവ വിശ്വാസമാണ് അടിസ്ഥാനമെങ്കിലും കാലാകാലങ്ങളിൽ ആത്മീക നേതൃത്വമെടുത്തവർ ദൈവങ്ങളായി മാറി. ഒൻപതോളം ഇതുപോലുള്ള ആത്മീയ ഗുരുക്കൾക്കുശേഷം പത്താമതായി മതഗ്രന്ഥമായ 'ഗ്രന്ഥ് സാഹിബ്'നെ അവസാന ഗുരുവായി അംഗീകരിക്കുന്നവരും, അല്ല 'വാഹ്ഗുരു'വിലും 'ഗ്രന്ഥ സാഹിബ്'വിലും മാത്രം വിശ്വസിക്കുന്നവരും, ആചാരാനുഷ്ഠാനങ്ങളിൽ വിഭിന്ന ശൈലി പിൻതുടരുന്നവരുമൊക്കെയാണ് സിക്ക് സമൂഹം. കൂട്ടുകുടുംബ സമ്പ്രദായം ഇവരുടെ മറ്റൊരു പ്രത്യേകതയാണ്. ഈ നാളുകളിലെ അണു കുടുംബം എന്ന ചിന്താഗതിയിൽ നിന്ന് മാറി സഞ്ചരിക്കുന്നവരാണ് സിക്കുകാർ. മക്കളും, മകളുടെ മക്കളും, ചെറുമക്കളും ഒക്കെ ചേർന്നുള്ള വലിയ കുടുംബത്തിന്റെ ആസ്ഥികൾപോലും ഒരു പോലെ എ ല്ലാവർക്കും അവകാശമുള്ളതാണ്. ക്ഷത്രീയ വംശജരായ പഞ്ചാബികൾ ഇന്ത്യൻ കാവൽ പട്ടാളത്തിലെ അവിഭാജ്യ സാന്നിദ്ധ്യമാണ്. പൊതുവേ കർക്കശക്കാരെന്ന് തോന്നുമെങ്കിലും വളരെ ഹൃദയ വിശാലതയുള്ളവരാണ് ഇവർ. സുവിശേഷത്തോടുള്ള ഇവരുടെ സമീപനം തന്നെ ഒരു ഉദാഹരണമാണ്. വൈ.എം.ഇ.എഫ് സൗത്ത് ഡിവിഷന്റെ പഞ്ചാബിലെ പ്രവർത്തനങ്ങളിൽ ലഭിച്ച പ്രതികരണവും വളരെ നല്ലതായിരുന്നു.



സുവി. പി.ബി. സാമുവലും കുടുംബവും

രാജസ്ഥാന്റെ ഭാഗമാണെങ്കിലും പഞ്ചാബിന്റെ മുഖമുദ്രയുള്ള ഹനുമാൻഗഢിൻ 1997-ൽ മൈലപ്ര സഭയിൽ നിന്ന് സഹോദരൻ പി.ബി.സാമുവൽ പ്രവർത്തനം ആരംഭിച്ചു. 1988-ൽ അൾവാർ ബൈബിൾ സ്കൂളിൽ വേദപഠനാനന്തരം 93 വരെ അവിടെ പ്രവർത്തിച്ചതിനുശേഷമാണ് ഹനുമാൻഗഢിലെ സുരത്ത് ഗഢ് എന്ന സ്ഥലത്ത് താമസിച്ച് പ്രവർത്തനം തുടങ്ങിയത്. അന്ന് അവി ടെ ഒരു പഞ്ചാബി കുടും ബം വിശ്വാസത്തിൽ ഉണ്ടായിരുന്നു. ഇന്ന് താൻ താമസിക്കുന്ന വീട്ടിൽ ഒരു സഭാ കുടിവരവുണ്ട്.

പ്രാദേശിക ഭാഷയായ 'ബാഗഡി' സംസാരിക്കു ന്ന രാജസ്ഥാനികളും, ഹരിയാനക്കാരും ഇടകലർന്നു ജീവിക്കുന്ന ഹനുമാൻഗഢിൽ ഏതു നാട്ടിലെപോലെയും മദ്യവും മയക്കുമരുന്നുകളും സുലഭമാണ്. ഇന്ന് ഇവിടെത്തെ കുടുംബങ്ങൾ അഭിമുഖീകരിക്കുന്ന ഭീഷണിയും ഇതാണ്. 'പോസ്ത്' എന്നറിയപ്പെടുന്ന ഒരു ലഹരിപദാർത്ഥമാണ് വ്യാപകമായി ഉപയോഗിക്കുന്നത്. വയലിൽ ജോലി ചെയ്യുന്ന യുവാക്കളാണ് 'പോസ്ത്' കൂടുതൽ ഉപയോഗിക്കുന്നത്. ഉന്മേഷം കൂടുതൽ ലഭിക്കുവാൻ വയലുടമകളാണ് ആദ്യം യുവാക്കൾക്ക് ഇത് കൊടുക്കുന്നത്. പിന്നീട് ഇതിന് അടിമപ്പെടുന്ന ഇവർ യൗവനത്തിൽ തന്നെ ബലക്ഷയം സംഭവിച്ച് രോഗികളായി തീരുന്നു. പുകവലി നിഷിധമാണെങ്കിലും പഞ്ചാബികളുടെ ഇടയിൽ മദ്യം വിരുന്നുസൽക്കാരങ്ങളിൽ ഒരു പ്രധാന വിഭവമാണ്. അതുകൊണ്ടുതന്നെ ലഹരിവസ്തുക്കൾ ഈ സമൂഹത്തിലുണ്ടാക്കിയിരിക്കുന്ന നാശനഷ്ടം ചെറുതല്ല.

ഈ അവസ്ഥയിൽ നിന്നു വിടുതൽ ഉണ്ടാവണമെന്ന് ആഗ്രഹിക്കുന്ന ഒരു കൂട്ടം ഇവരുടെ ഇടയിലുണ്ട്. അങ്ങനെ ഉള്ളവരുടെ ശ്രമഫലമായി ചില 'റിഹാബിലിറ്റേഷൻ' സ്ഥാപനങ്ങൾ ആരംഭിച്ചു. എന്നാൽ ഇന്ന് അതിൽ പലതും ലാഭം കൊയ്യാനുള്ള മാർഗ്ഗമായി മാറിയിരിക്കുകയാണ്. സുവിശേഷത്തിന്റെ സാധ്യത ഇവിടെയാണ്. എന്തിനെയും തുറന്ന മനസോടെ കാണുന്ന ഹനുമാൻഗഢുകാർക്ക് സുവിശേഷത്തിലൂടെ പകരുന്ന സ്നേഹസന്ദേശം ജീവിതത്തിൽ വലിയ വ്യത്യാസങ്ങൾ ഉണ്ടാക്കും എന്നതിൽ സംശയമില്ല. പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കും, സുവിശേഷ പ്രവർത്തനങ്ങൾക്കും, ഭാരവും സമർപ്പണമുള്ളവർ ഈ ദേശത്തേയും ഓർത്ത് പ്രാർത്ഥിക്കുക.

കുട്ടികളുടെ ഇടയിലെ പ്രവർത്തനങ്ങൾക്കും ഇവിടെ സാധ്യതയുണ്ട്. കാസർകോടുനിന്നുള്ള സഹോദരൻ ജോമോൻ തോമസ് ചിലനാളുകളായി കുട്ടികളുടെ ഇടയിൽ ഇവിടെ പ്രവർത്തിച്ചുവരുന്നു. സ്കൂൾ പ്രവർത്തനങ്ങൾക്കും സാധ്യത ഏറെയാണ്. ശരിയായ ഭാരത്തോടെ ദൈവജനം തങ്ങളെ തന്നെ സമർപ്പിച്ച് പ്രാർത്ഥിക്കുമെങ്കിൽ ഗോതമ്പിന്റെ നാട്ടിൽ സ്നേഹത്തിന്റെ വിജയഭേരി മുഴങ്ങും.

- *റിന്യൂവൽ റിപ്പോർട്ടർ*

## നാരായൺ പോൾ മഹത്വത്തിൽ



ആന്ധ്രാപ്രദേശിലെ ശ്രീ കാകുളം ജില്ലയിലെ സുവിശേഷകൻ നാരായൺ പോൾ ജൂൺ 12ന് മഹത്വത്തിലേക്ക് പ്രവേശിച്ചു. ഹൈന്ദവ കുടുംബത്തിൽ നിന്ന് വിശ്വാസത്തിനു വന്ന സഹോദരൻ കടുത്ത എതിർപ്പുകളെ അതിജീവിച്ച് ശ്രീകാകുളം ആദിവാസി മേഖലകളിൽ സുവിശേഷമെത്തിക്കുന്നതിൽ പ്രധാന പങ്കുവഹിച്ചു. അനേകം സ്ഥലം സഭകൾ തന്റെ പ്രവർത്തനം മുഖാന്തരം ഉണ്ടായി. ശ്രീകാകുളം ബഥനി മിഷൻ സെന്റർ എന്ന ആതുരസ്ഥാപനവും തന്റെ പ്രവർത്തന ഫലമാണ്. 2003ൽ ഗുണ്ടൂരിൽ നടന്ന മിഷനറി ചലഞ്ച് കോൺഫറൻസിൽ സജീവസാന്നിദ്ധ്യമായിരുന്നു സുവി. നാരായൺ പോൾ.

# ? ചോദ്യവേദി

ചോദ്യവേദിയിലൂടെ നിങ്ങളുടെ സംശയങ്ങൾക്ക് ഉത്തരവും, ആവശ്യമുള്ള മാർഗ്ഗനിർദ്ദേശവും നൽകുന്നതാണ്. ഈപ്രാവശ്യം പൊതുവായ ഒരു ചോദ്യത്തിനാണ് ഉത്തരം നൽകിയിരിക്കുന്നത്. യൂത്ത് ഗൈഡ്, കുടുംബവേദി, ആരോഗ്യരംഗം, നിയമവും നമ്മളും തുടങ്ങിയവയുമായി ബന്ധപ്പെട്ടതും മറ്റു പൊതുപ്രയോജനം ചെയ്യുന്ന ചോദ്യങ്ങളും ചോദിക്കാം. അതാത് മേഖലകളിൽ പ്രാവിണ്യം തെളിയിച്ച സഹോദരീസഹോദരന്മാരായിരിക്കും ഉത്തരം നൽകുക. റിന്യൂവൽ നയമനുസരിച്ചല്ലാത്ത ചോദ്യങ്ങൾ പരിഗണിക്കുന്നതല്ല. ചോദ്യങ്ങൾ അയക്കേണ്ട വിലാസം – The News Editor, Renewal, MRA 19A, Madathuvila Lane, Medical College P.O., Trivandrum - 695011.

**? രക്ഷിക്കപ്പെട്ടവരും പാപം ചെയ്യാൻ സാദ്ധ്യതയുള്ള അവസ്ഥയിലാണിരിക്കുന്നതെന്നു കഴിഞ്ഞ ലക്കത്തിൽ പറഞ്ഞുവല്ലോ. അങ്ങനെയെങ്കിൽ 1 യോഹന്നാൽ 3:9–ൽ ദൈവത്തിൽ നിന്നു ജനിച്ചവൻ ആരും പാപം ചെയ്യുന്നില്ല. എന്ന് പറഞ്ഞിരിക്കുന്നതിന്റെ അർത്ഥമെന്താണ്?**

● ദൈവത്തിൽ നിന്നു ജനിച്ചവന്റെ സ്വഭാവമല്ല പാപം ചെയ്യുക എന്നത്. രക്ഷിക്കപ്പെടുന്നതിനു മുമ്പ് അവൻ സ്വാഭാവികമായി പാപം ചെയ്തുകൊണ്ടിരുന്നു. എന്നാൽ രക്ഷിക്കപ്പെട്ടപ്പോൾ അവനു ലഭിച്ച ദിവ്യസ്വഭാവപ്രകാരം പാപം ചെയ്യാതിരിക്കുക എന്നതാണ് അവന്റെ പ്രമാണം. അതിന് വിരുദ്ധമായിട്ട് അവൻ ചിലപ്പോൾ പാപം ചെയ്തെന്നു വന്നേക്കാം. എന്നാൽ അത് അവന് ലഭിച്ച പുതിയ ദൈവിക പ്രകൃതിയോട് യോജിച്ചു പോകുന്ന ഒരു കാര്യമല്ല. അഥവാ പാപത്തിൽ വീണുപോയാൽ തന്നെ വളരെ വിഷമത്തോടും മനസ്സാക്ഷിക്കുത്തലോടും കൂടെയല്ലാതെ അവന് ആയിരിക്കുവാൻ സാധിക്കുകയില്ല. ഇപ്പോൾ എന്നോട് ഒരാൾ മദ്യപിക്കാനോ ഇല്ലെങ്കിൽ നുണ പറയുവാനോ ആവശ്യപ്പെട്ടാൽ ഞാൻ പറയും 'ഇല്ല, എനിക്കതിനു കഴിയില്ല. കാരണം ഞാൻ രക്ഷിക്കപ്പെട്ട വ്യക്തിയാണ്' എന്നാൽ ആ പാപങ്ങൾ ചെയ്യുവാനുള്ള എന്റെ കഴിവ് നഷ്ടപ്പെട്ടെന്നോ അതു ചെയ്വാൻ അസാദ്ധ്യമാണെന്നോ അല്ല അതിനർത്ഥം. അവ ഇപ്പോൾ എന്റെ പുതിയ ദൈവിക സ്വഭാവത്തിനനുസരിച്ച് എനിക്ക് ചെയ്യുവാൻ നിവർത്തിയില്ല എന്നാണ് ഞാനർത്ഥമാക്കുന്നത്. ഒരു വിശ്വാസിക്ക് പാപം ചെയ്യാൻ കഴിയുകയില്ല. അവന്റെ ആ കഴിവ് മാറ്റപ്പെട്ടു എന്ന അർത്ഥമല്ല ഈ വാക്യത്തിനുള്ളത് എന്ന് ഈ ലേഖനം തന്നെ 2:1 വായിച്ചാൽ മനസ്സിലാകും.

'എന്റെ കുഞ്ഞുങ്ങളേ നിങ്ങൾ പാപം ചെയ്യാതിരിപ്പാൻ ഞാൻ ഇത് നിങ്ങൾക്ക് എഴുതുന്നു. ഒരുത്തൻ പാപം ചെയ്തു എങ്കിലോ നീതിമാനായ യേശുക്രിസ്തു എന്ന കാര്യസ്ഥൻ നമുക്കു പിതാവിന്റെ അടുക്കൽ ഉണ്ട്.'

ഒരുവൻ പാപം ചെയ്തു എങ്കിലോ എന്ന് പറയുമ്പോൾ പാപം ചെയ്യാൻ സാദ്ധ്യത വിശ്വാസികൾക്കുണ്ടെന്നാണ് വരുന്നത്. അതിനാൽ നാം മനസ്സിലാക്കേണ്ട അതിപ്രധാനമായ കാര്യങ്ങൾ ഇവയാണ്. വിശ്വാസികൾ ഒരു കാരണവശാലും പാപം ചെയ്യാൻ പാടില്ല. അഥവാ ചെയ്തുപോയാൽ അവൻ രക്ഷിക്കപ്പെട്ടവനല്ല എന്ന് അർത്ഥം വരുന്നില്ല. പാപം ചെയ്താൽ നാം ആ പ്രത്യേക പാപം വ്യക്തമായി ദൈവസന്നിധിയിൽ ഏറ്റു പറയണം. അപ്പോൾ ക്ഷമിച്ച് ശുദ്ധീകരിപ്പാൻ അവൻ വിശ്വസ്തനും നീതിമാനും ആണ് (1 യോഹ. 9). നാം വാസ്തവമായി അനുതപിച്ച് ഏറ്റുപറഞ്ഞാൽ തീർച്ചയായും കർത്താവ് പാപം ക്ഷമിക്കും. അപ്പോൾ സ്വാഭാവികമായും ഉണ്ടാകുന്ന സംശയം.

'ഏറ്റുപറയുന്ന പാപം കർത്താവ് ക്ഷമിച്ചുകൊണ്ടിരിക്കുമെങ്കിൽ വീണ്ടും വീണ്ടും ആവശ്യം വരുമ്പോൾ പാപം ചെയ്യാനുള്ള ഒരു പ്രേരണ നമുക്കുണ്ടാകുമല്ലോ. പാപം ചെയ്തിട്ട് ഏറ്റു പറഞ്ഞാൽ മതിയല്ലോ' എന്നും. എന്നാൽ യഥാർത്ഥത്തിൽ രക്ഷിക്കപ്പെട്ട ഒരുവന് പാപം ചെയ്യാനുള്ള ഇഷ്ടം ഉണ്ടാകുകയില്ല. ചെയ്യാതിരിക്കാനുള്ള താല്പര്യമാണുള്ളത്. ദൈവാത്മാവ് അവനിൽ വസിക്കുന്നതിനാൽ വിശുദ്ധിക്കായ് ഒരു വാഞ്ഛ അവനിൽ ഉണ്ടാകും. തന്റെ പുതിയ സ്വഭാവം പാപത്തെ വെറുക്കുന്നതായിരിക്കും. എന്നാൽ ചില സാഹചര്യങ്ങളിൽ പ്രലോഭനങ്ങൾക്ക് വശംവദനായി അവൻ പാപത്തിൽ വീണാലും അതിനെക്കുറിച്ച് അതിയായ ദുഃഖവും അതിൽനിന്നു രക്ഷപ്പെടാനുള്ള ആഗ്രഹവും അവനുണ്ടായിരിക്കും. രക്ഷിക്കപ്പെടാത്ത ഒരുവൻ വല്ലപ്പോഴും പാപം ചെയ്യുകയല്ല, പാപത്തിൽതന്നെ ജീവിച്ചുകൊണ്ടിരിക്കുകയാണ് ചെയ്യുന്നത്.

രക്ഷിക്കപ്പെട്ട ഒരുവൻ ഇടയ്ക്ക് പാപത്തിൽ വീണുപോയാൽ അവന് അതിൽ സന്തോഷമില്ല. ഒരു പന്നി ചെളിയിൽക്കിടന്നു രസിക്കുന്നതുപോലെയാണ് അവിശ്വാസിയായ ഒരുവൻ പാപത്തിൽ രസിക്കുന്നത്. എന്നാൽ ഒരു വിശ്വാസിയെ വൃത്തിയുള്ള ജീവിയായ ആടിനോട് ഉപമിക്കാം. ആട് അഴുക്കിലല്ല ജീവിക്കുന്നത്. വല്ല കാരണവശാലും ഒരു ചെളിക്കുണ്ടിൽ വീണുപോയാൽ അതിൽ നിന്ന് രക്ഷപ്പെടാനുള്ള വെപ്രാളവും നിലവിളിയും അതിനുണ്ടായിരിക്കും.

ഏറ്റുപറഞ്ഞാൽ കർത്താവു ക്ഷമിക്കുമല്ലോ. അതിനാൽ പാപം ചെയ്തുകളയാം എന്ന ലാഘവബുദ്ധിയോടെ വിചാരിക്കുന്ന ഒരുവൻ ഒരുപക്ഷെ രക്ഷിക്കപ്പെട്ടവനേ അല്ലായിരിക്കാം. അല്ലെങ്കിൽ രക്ഷിക്കപ്പെട്ടവനെങ്കിലും തന്റെ ആത്മീയജീവിതത്തിന് സാരമായ തകരാറ് സംഭവിച്ചവനായിരിക്കും. വസ്ത്രത്തിൽ അഴുക്കു പറ്റിയാൽ നാം അത് അലക്കി വൃത്തിയാക്കും. എന്നാൽ അലക്കാൻ വെള്ളവും സോപ്പുമുണ്ടല്ലോ എന്നുകരുതി വസ്ത്രത്തിൽ മനപ്പൂർവ്വം അഴുക്കുവാരിത്തേക്കുന്നവർ സുബോധമുള്ളവനല്ലന്നല്ലേ അർത്ഥം.

*– ജോൺ കുര്യൻ, കോട്ടയം*

## ചിൽഡ്രൻസ് ക്ലബ്ബ്



## 1, 2, 3 റെഡി ആണോ?

ക്രിസ്റ്റിയും ഡാനിയും കൂടി ഒളിച്ച് കളിക്കുകയാണ്. വീടിനുള്ളിൽ മാത്രം ഒളിച്ചിരിക്കുക. 1 മുതൽ 20 വരെ എണ്ണിതീരുന്നതിന് മുമ്പേ റെഡി ആയിരിക്കുക തുടങ്ങിയവയാണ് നിയമങ്ങൾ. ഡാനി വേഗം എണ്ണാൻ തുടങ്ങി 1, 2, 3......19, 20. റെഡി ആണല്ലോ? എണ്ണിതീർന്നു ഇതാ ഞാൻ വരുന്നു. കണ്ണു തുറന്ന് മുറിക്കുള്ളിലേക്ക് ഡാനി ഓടിച്ചെന്നു. ബെഡ്റൂമിന്റെ ഒരു വശത്ത് നിന്ന് കയ്യോടെ ക്രിസ്റ്റിയെ കണ്ടു പിടിച്ചു. ഉടനെ ക്രിസ്റ്റി പറഞ്ഞു. "പറ്റില്ല പറ്റില്ല ഇത് കള്ള കളിയാണ്. ഞാൻ റെഡി ആകുന്നതിന് മുമ്പേ നീ എന്തിനാണ് ഇങ്ങോട്ട് വന്നത്" രണ്ടുപേരും തമ്മിൽ വഴക്കായി. വഴക്കു കേട്ട് മമ്മി പറഞ്ഞു. "വഴക്കു ഉണ്ടാക്കാതെ സ്നേഹമായി മാത്രം കളിച്ചാൽ മതി അല്ലെങ്കിൽ രണ്ടു പേരും നിങ്ങളുടെ മുറികളിൽ പോയിരുന്ന് വായിച്ചു കൊൾക."

ക്രിസ്റ്റി അവളുടെ മുറിയിൽ പോയിരുന്ന് ബൈബിൾ വായിക്കാൻ തുടങ്ങി. ഉടനെ അവൾ കഴിഞ്ഞ ആഴ്ചയിൽ സൺഡേ സ്കൂളിൽ ടീച്ചർ യേശുക്രിസ്തുവിന്റെ വീണ്ടും വരവിനെ പറ്റി പറഞ്ഞത് ഓർത്തു. കർത്താവിൽ വിശ്വസിച്ചവരെ സ്വർഗ്ഗത്തിൽ കൊണ്ടു പോകാൻ ഏതു സമയത്തും യേശുക്രിസ്തു വീണ്ടും വരും. എപ്പോഴും റെഡി ആയിരിക്കുക. മാത്രമല്ല യേശുവിനെ വിശ്വസിച്ച് രക്ഷിക്കപ്പെട്ടവർ തെറ്റുകൾ ചെയ്യാൻ പാടില്ല.



അഥവാ തെറ്റ് ചെയ്തുപോയാൽ ദൈവത്തോട് ഏറ്റു പറഞ്ഞ് ഉപേക്ഷിക്കണം. പെട്ടെന്ന് ക്രിസ്റ്റിയുടെ മനസ്സിൽ നേരത്തെ നടന്ന സംഭവം ഒരു മിന്നലു പോലെ കടന്നുവന്നു. ഡാനിയോട് വഴക്കിട്ടതോർത്ത് അവൾക്ക് ദുഃഖം തോന്നി. "ഇപ്പോൾ കർത്താവ് വന്നാൽ ഞാൻ ലജ്ജിച്ചുപോകുമല്ലോ!" ഉടൻ ക്രിസ്റ്റി തലയിണയിൽ മുഖമമർത്തി "കർത്താവെ ഡാനിയോട് ഞാൻ വഴക്കിട്ടത് എന്റെ തെറ്റാണ് എന്നോട് ക്ഷമിക്കണമേ". അതിനുശേഷം ഡാനിയുടെ മുറിയിലേക്ക് ക്രിസ്റ്റി ചെന്നു. ഡാനി മേശയിൽ തല വെച്ച് ഇരിക്കുകയാണ്. 'ഡാനീ...' ക്രിസ്റ്റി അവനെ തൊട്ടുവിളിച്ചു. എന്നിട്ടു പറഞ്ഞു. "സോറി" ഡാനിയുടെ കണ്ണുകൾ നിറഞ്ഞു "ഞാൻ ക്രിസ്റ്റിയോടും തെറ്റു ചെയ്തു. എന്നോടു ക്ഷമിക്കണം". ഡാനിയോട് പിണങ്ങിയതിൽ അവൾ ക്ഷമ ചോദിച്ചു. രണ്ടു പേർക്കും സന്തോഷമായി.

കൂട്ടുകാരെ, യേശുകർത്താവ് ഇന്ന് വന്നാൽ കൂടെ പോകാൻ നിങ്ങൾ ഒരുക്കമുള്ളവരാണോ?. യേശുകർത്താവിനെ രക്ഷകനായി അംഗീകരിച്ചവർക്കു മാത്രമേ കർത്താവിന്റെ രണ്ടാം വരവിൽ സ്വർഗ്ഗത്തിലേക്ക് പോകാൻ സാധിക്കുകയുള്ളൂ. ബൈബിളിലൂടെ ദൈവം നമ്മോട് ആവശ്യപ്പെടുന്നത് ചെയ്യുന്നതാണ് കർത്താവിന്റെ മടങ്ങിവരവിനായുള്ള നമ്മുടെ ഒരുക്കം. ഓരോ ദിവസവും ബൈബിൾ കൃത്യമായി വായിച്ച് ധ്യാനിക്കണം. അതിൽ പ്രധാനമാണ് തെറ്റുകളെ കുറിച്ച് ഓർത്തുള്ള അനുതാപം.

എല്ലാ കാര്യങ്ങളിലും ദൈവത്തിന് ഒന്നാം സ്ഥാനം കൊടുക്കണം. മാതാപിതാക്കളേയും മുതിർന്നവരേയും നാം ആദരിക്കണം. എന്നും ശാന്തമായി കുറച്ച് സമയം പ്രാർത്ഥിക്കുകയും വേണം. കണ്ണടച്ച് തുറക്കും മുമ്പേ അല്ലെങ്കിൽ നൊടിനേരത്തിനുള്ളിൽ യേശുകർത്താവ് വരും. അതുകൊണ്ട് കരുതലോടെ ഒരോ നിമിഷവും ജീവിക്കുക. ഓരോ ദിവസവും യേശുകർത്താവിന്റെ വരവിന്റെ ലക്ഷണങ്ങൾ നിങ്ങൾ ശ്രദ്ധിക്കാറുണ്ടോ? മത്തായി 24 : 3 മുതൽ 31 വരെയുള്ള ഭാഗം വായിക്കുക. കേവലം ഒരു ദിവസം കർത്താവ് മടങ്ങിവരും എന്നതിലുപരി എല്ലാ ദിവസവും വിശുദ്ധ ജീവിതം നയിച്ച് കർത്താവിന്റെ മടങ്ങിവരവിനായ് ആകാംക്ഷയോടെ കാത്തിരിക്കാം. കർത്താവ് മടങ്ങിവരുന്ന കൃത്യസമയം ആർക്കും അറിയില്ല. അതുകൊണ്ട് എല്ലാ കൂട്ടുകാരും എപ്പോഴും റെഡി ആയിരിക്കുവാൻ കർത്താവ് കല്പിക്കുന്നു.

*– എബ്രഹാം ജേക്കബ്, കോട്ടയം*

# അഭിപ്രായ ഭിന്നതകളെ ശരിയായി കൈകാര്യം ചെയ്യുക

ദൈവജനത്തിന്റെ മദ്ധ്യത്തിലും അഭിപ്രായ ഭിന്നതകൾ ഉണ്ടാവുക സ്വാഭാവികമാണ്. ആദിമസഭയുടെ ചരിത്രത്തിലും ധാരാളമായി ഇതു കാണാവുന്നതാണ്. (അടിസ്ഥാന ഉപദേശങ്ങളെ സംബന്ധിച്ചുള്ള ഭിന്നാഭിപ്രായങ്ങളെയല്ല, തിരുവെഴുത്തിൽ നേരിട്ട് വ്യക്തമായി പറയാത്ത കാര്യങ്ങളെ സംബന്ധിച്ചുള്ള ഭിന്നാഭിപ്രായങ്ങളെയാണിവിടെ ഉദ്ദേശിക്കുന്നത്). എല്ലാ മനുഷ്യരും വ്യത്യസ്തരാകയാലും ലോകത്തിൽ ഒരേ പോലെ തന്നെ എല്ലാ കാര്യത്തിലും ചിന്തിക്കുന്ന രണ്ട് വ്യക്തികൾ ഇല്ല എന്നതിനാലും തന്നെ അഭിപ്രായ ഭിന്നതകൾ സ്വാഭാവികമായി ഉണ്ടാകാം. ഇങ്ങനെ ഭവിക്കുമ്പോൾ അന്യോന്യം ബഹുമാനവും സ്നേഹവും നഷ്ടപ്പെടാതെ എങ്ങനെ പെരുമാറണം എന്ന് നാം അറിഞ്ഞിരിക്കണം. തിരുവെഴുത്തിൽ പറഞ്ഞിരിക്കുന്ന ചില പ്രമാണങ്ങൾ ഇത്തരം സന്ദർഭങ്ങളിൽ നാം ഓർത്തിരിക്കേണ്ടതാണ്.

**ക്രിസ്തുവിൽ നാം ഒന്നാണെന്നോർക്ക** – (എഫെസ്യ. 4:1–6) ദൈവം നമുക്കു നൽകിയിരിക്കുന്ന ആത്മാവിന്റെ ഐക്യത സമാധാന ബന്ധത്തിൽകാക്കുവാനുള്ള സകല പരിശ്രമവും നാം കഴിക്കേണ്ടതാണ്. ചില കാര്യങ്ങളിൽ വ്യത്യസ്ത ചിന്താഗതികൾ വച്ചു പുലർത്തുമ്പോൾ തന്നെ ക്രിസ്തുവിലുള്ള നമ്മുടെ ഐക്യതക്കു ഭംഗം വരുത്തുന്ന സംസാരമോ എഴുത്തോ മനോഭാവമോ വരാതെ ശ്രദ്ധിക്കണം.

**അപരന്റെ അഭിപ്രായ സ്വാതന്ത്ര്യത്തെ മാനിക്കുക** – (റോമർ 14:1–10) നമ്മിൽ നിന്ന് വ്യത്യസ്തമായ അഭിപ്രായം പുലർത്തുവാൻ മറ്റൊരാൾക്ക് സ്വാതന്ത്ര്യം ദൈവവചനം അനുവദിക്കുന്നു എന്ന വസ്തുത നാം മനസ്സിലാക്കണം. ആ ഭിന്നാഭിപ്രായത്തോട് നാം യോജിക്കുന്നില്ലെങ്കിലും വ്യത്യസ്ത അഭിപ്രായം പുലർത്തുവാനുള്ള നമ്മുടെ സഹോദരങ്ങളുടെ അവകാശത്തെ നാം നിഷേധിക്കുവാൻ പാടില്ല.

**സ്നേഹത്തിൽ സത്യം സംസാരിക്കുക** – (എഫെ. 4:15) നമ്മുടെ അഭിപ്രായം പ്രകടിപ്പിക്കുമ്പോഴും അപരന്റെ അഭിപ്രായത്തിൽ നാം കാണുന്ന തെറ്റുകൾ ചൂണ്ടിക്കാണിക്കുമ്പോഴും സ്നേഹത്തിൽ മാത്രം നാം അതു ചെയ്യേണ്ടതാണ്. നാം സത്യം സംസാരിച്ചാൽ മാത്രം പോരാ, സ്നേഹത്തിൽ അത് ചെയ്യണമെന്ന് ദൈവം നിർദ്ദേശിക്കുന്നു. ശരിയായ കാര്യം തന്നെ തെറ്റായ രീതിയിൽ പറയാനുള്ള സാദ്ധ്യതയുണ്ടെന്ന് നാം ഓർത്തിരിക്കണം. മേൽപ്പറഞ്ഞ കല്പന അനുസരിക്കാൻ എല്ലാ വിശ്വാസികളും ബാദ്ധ്യസ്ഥരാണ്.

**സൗമ്യതയുടെ ആത്മാവിൽ പെരുമാറുക**–(ഗലാത്യർ 6:1) തെറ്റിൽ അകപ്പെട്ടു പോയ ഒരുവനെ തിരുത്തുവാൻ ശ്രമിക്കുമ്പോൾ നമുക്കുണ്ടായിരിക്കേണ്ട മനോഭാവം എന്തായിരിക്കണം എന്ന് ദൈവവചനം പറയുന്നത് നാം ശ്രദ്ധിക്കേണ്ടതാണ്. ഉന്നത ഭാവത്തോടെയോ കോപത്തോടെയോ നിന്ദിക്കുന്ന മനോഭവാത്തോടെയോ നാം പെരുമാറുവാൻ പാടില്ല എന്ന കർശനമായ നിർദ്ദേശം പാലിക്കപ്പെടണം. ശരിയായ മനോഭാവത്തിലല്ലാതെ ഇടപെട്ടാൽ സഹോദരനെ നേടുവാൻ കഴിയുകയില്ല എന്നും, നമ്മുടെ പ്രയത്നം വൃഥാവിലാകും എന്നും നാം ഓർക്കണം.

നമ്മുടെ അഭിപ്രായങ്ങൾ പ്രകടിപ്പിക്കുവാനും മറ്റുള്ളവരുടെ ചിന്താഗതികളിലെ അപാകതകൾ ചൂണ്ടിക്കാണിക്കുവാനും നമുക്ക് അവകാശമുള്ളപ്പോൾത്തന്നെ ആരെയും തേജോവധം ചെയ്യുവാനോ പരിഹസിക്കുവാനോ മറ്റുള്ളവരുടെ മുമ്പിൽ ഇടിച്ചു താഴ്ത്തുവാനോ ദൈവം നമ്മെ അനുവദിക്കുന്നില്ല. സഹോദരനെ നിന്ദിക്കുന്നത് കഠിനപാപമായിട്ടണല്ലോ കർത്താവ് പഠിപ്പിച്ചിട്ടുള്ളത്. ചില വിഷയങ്ങളെ സംബന്ധിച്ച് സംശയത്തിനിടയില്ലാത്ത വിധം വ്യക്തമായി ദൈവം തന്റെ വചനത്തിൽ പറയാത്തതുതന്നെ വ്യത്യസ്ത അഭിപ്രായങ്ങൾ പുലർത്തുന്നതോടൊപ്പം അന്യോന്യ ബഹുമാനവും സ്നേഹവും പുലർത്തുവാൻ നമുക്കവസരം തരാൻ വേണ്ടിയാണെന്ന് ഒരു ഭക്തൻ പറഞ്ഞിട്ടുണ്ട്. ഇത് എത്രയും ശരിയാണ്. നമ്മുടെ ആത്മീയ പക്വത പരിശോധിക്കുവാനുള്ള ഒരവസരമായി ഇതിനെ കാണണം. എല്ലാത്തിലും ഏകാഭിപ്രായം പുലർത്തുന്നവരോടു മാത്രം സ്നേഹവും ബഹുമാനവും പുലർത്തിപ്പോകുന്നതിൽ എന്തു വിശേഷതയാണുള്ളത്? വ്യത്യസ്ത ചിന്താഗതികൾ പുലർത്തുന്നവരേയും സ്നേഹിക്കുവാനും മാനിക്കുവാനും അവരോട് ആദരവോടെ ഇടപ്പെടുവാനും സാധിക്കുന്നതാണ് ആത്മീയ പക്വതയുടെ ലക്ഷണം. ക്രിസ്തുവിന്റെ സ്വഭാവം നമുക്ക് കൂടുതൽ ഉണ്ടാകുവാനും സ്നേഹവും ക്ഷമയും ആദരവും ശരിയായി പരിശീലിക്കുവാനുമുള്ള സന്ദർഭങ്ങളായി അഭിപ്രായഭിന്നതകളെ നമുക്കു കാണാം. "പ്രധാന കാര്യങ്ങളിൽ ഐക്യത, അപ്രധാന കാര്യങ്ങളിൽ സ്വാതന്ത്ര്യം, എല്ലാറ്റിലും സ്നേഹം" എന്ന പ്രമാണം പാലിക്കുവാൻ ദൈവകൃപയാൽ നമുക്ക് സാധിക്കേണ്ടതാണ്.

*– എഡിറ്റർ*

വാർത്തകൾ അയക്കേണ്ട വിലാസം: Thomas John, Hebron, Doctors Garden, Medical College P.O., Thiruvananthapuram, 695 011. Tel : 94473 41237 E-mail : thomasjohntvm@gmail.com

റിന്യൂവൽ വിശ്വാസത്തിന്റെ ഒരു കാൽവെയ്പ്പാണ്. ദൈവം മനസ്സുണർത്തുന്നവർ സാമ്പത്തീക സഹകരണം താഴെ കാണുന്ന വിലാസത്തിൽ അയക്കുക.

ചെക്കുകളും ഡ്രാഫ്റ്റുകളും – Renewal, P.B.No. 2665, Broadway, Ernakulam - 31. എന്ന വിലാസത്തിലും. മണി ഓർഡറുകൾ – Shombay Poothuran, Renewal, Broadway P.O., Ernakulam - 682 031. എന്ന വിലാസത്തിൽ മാത്രവും അയക്കുക. Bank A/c. No. 21, North Malabar Gramin Bank, Main Branch, EKM. Ph : 0484-2365391

**ഒരു വർഷം ഇന്ത്യയിൽ ഈ മാസിക നിങ്ങളുടെ കൈയ്യിൽ എത്തിക്കുന്നതിന് കുറഞ്ഞത് 50 രൂപ. ചിലവ് പ്രതീക്ഷിക്കുന്നു. വിദേശത്തേക്ക് 500 രൂപ. സാമ്പത്തിക സഹകരണം എറണാകുളം അഡ്രസ്സിൽ മാത്രം അയയ്ക്കുക.**

**റിന്യൂവൽ ടീം:**
തോമസ് ജോൺ (തിരുവനന്തപുരം), വർഗ്ഗീസ് ചാക്കോ (ബാംഗ്ലൂർ),
ജോൺ കുര്യൻ (കോട്ടയം), കെ. തോമസ് മാത്യു (തിരുവല്ല),
ജെയിംസ് വർഗ്ഗീസ് (തിരുവനന്തപുരം), ബാബു ജോൺ (നെയ്‌വേലി).
എഡിറ്റർ ഇൻ ചാർജ്ജ് – കെ. തോമസ് മാത്യു,
കൺസൽട്ടന്റ് എഡിറ്റർ – വർഗ്ഗീസ് ചാക്കോ,
ന്യൂസ് എഡിറ്റർ – തോമസ് ജോൺ,
ഫിനാൻസ് എക്സിക്യൂട്ടീവ് – ഷോംബെ പുത്തൂരാൻ
പബ്ലിഷർ – ടെൻസൻ ജോസഫ്.



നിയമവും നമ്മളും

# വിവാഹ രജിസ്ട്രേഷൻ

കേരള സർക്കാർ കേരള വിവാഹ രജിസ്ട്രേഷൻ റൂൾ 2008 പ്രസിദ്ധീകരിച്ചു.(കേരള ഗസറ്റ് 29-02-08) റൂളുകൾ അന്നു തന്നെ നിലവിൽ വന്നു. പട്ടണത്തിൽ നടക്കുന്ന വിവാഹങ്ങൾ കോർപ്പറേഷൻ/മുൻസിപ്പാലിറ്റി സെക്രട്ടറി മുൻപാകെയും പഞ്ചായത്തിൽ നടക്കുന്ന വിവാഹങ്ങൾ അതത് പഞ്ചായത്ത് സെക്രട്ടറിയുടെ മുൻ പാകെയും രജിസ്റ്റർ ചെയ്യേണ്ടത്. ഇവർ ലോക്കൽ വിവാഹ രജിസ്ട്രാർ എന്ന് അറിയപ്പെടുന്നു. പഞ്ചായത്തുകളിലെ ലോക്കൽ രജിസ്ട്രാർമാരുടെ രജിസ്ട്രാർ ജനറൽ ഓഫ് മാരിയേജ്(Registrar General of Marriage)അതാതു ജില്ലകളിലെ ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്തും, പട്ടണപ്രദേശങ്ങളിലെ ലോക്കൽ രജിസ്ട്രാർ മാരുടെ രജിസ്ട്രാർ ജനറൽ അതാതു മേഖല ജോയിന്റ് ഡയറക്ടർ ഓഫ് അർബൻ അഫയേഴ്സ് (Jn. Director of Urban Affairs)ഉം ആയിരിക്കും പഞ്ചായത്ത് ഡയറക്ടറാണ് ചീഫ് രജിസ്ട്രാർ ജനറൽ ഓഫ് മാര്യേജ് (Chief Registrar General of Marriage).

2008 ഫെബ്രുവരി 29നു ശേഷം നടത്തപ്പെടുന്ന എല്ലാ വിവാഹങ്ങളും നിർബന്ധമായും രജിസ്റ്റർ ചെയ്യേണ്ടതാണ്. എന്നാൽ നിയമം പ്രാബല്യത്തിൽ വരുന്നതിനു മുൻപ് നടത്തപ്പെട്ട വിവാഹങ്ങൾ രജിസ്റ്റർ ചെയ്യണമെന്ന് നിർബന്ധമില്ല. പക്ഷേ ആർക്കെങ്കിലും രജിസ്റ്റർ ചെയ്യണമെന്നുണ്ടെങ്കിൽ അതിനുള്ള സ്വതന്ത്ര്യം ഉണ്ടായിരിക്കും.

### *നടപടിക്രമം*

ഫോം നമ്പർ 1 (Form(1)) രണ്ട് സെറ്റ് പൂരിപ്പിച്ച് രണ്ടുപേരുടെയും ഫോട്ടോയും പതിച്ച്, ജനന തിയതി തെളിയിക്കുന്ന രേഖ സഹിതം വിവാഹം കഴിഞ്ഞ് 45 ദിവസത്തിനകം അപേക്ഷ സമർപ്പിക്കേണ്ടതാണ്.(ഫോം ആവശ്യമുള്ളവർ thomasjohntvm@gmail.comൽ ബന്ധപ്പെട്ടാൽ അയച്ചുതരുന്നതാണ്) ഈ നിയമം നിലവിൽ വരുന്നതിനുമുൻപ് വിവാഹം കഴിച്ചവർ 2009 ഫെബ്രുവരി 28ന് മുൻപ് അപേക്ഷ സമർപ്പിക്കേണ്ടതാണ്. ഫോം നമ്പർ1-ൽ ഭാര്യാഭർത്താക്കൻമാരും വിവാഹ ശുശ്രൂഷയിൽ പങ്കെടുത്ത രണ്ട് സാക്ഷികളും ഒപ്പിടേണ്ടതാണ് വിവാഹ ശുശ്രൂഷനടത്തിയ സഭനൽകുന്ന വിവാഹ സർട്ടിഫിക്കറ്റിന്റെ കോപ്പിയും അപേക്ഷയോടൊപ്പം 10 രൂപ ഫീസും അടച്ച് സമർപ്പിക്കേണ്ടതാണ്.

### *നാൽപത്തിയഞ്ച് ദിവസത്തിനുള്ളിൽ രജിസ്റ്റർ ചെയ്തില്ലെങ്കിലോ?*

വിവാഹ ദിവസം തുടങ്ങി ഒരു വർഷത്തിനുള്ളിൽ എപ്പോൾ വേണമെങ്കിലും രജിസ്റ്റർ ചെയ്യാവുന്നതാണ്. പക്ഷെ 45 ദിവസം കഴിഞ്ഞ് രജിസ്റ്റർ ചെയ്യുന്നവർ ഒരു ഗസറ്റഡ് ഓഫിസർ, പാർലമെന്റ്/നിയമസഭ/പഞ്ചായത്ത്/മുൻസിപ്പാലിറ്റി അംഗങ്ങളുടെ (ആരെങ്കിലും ഒരാളുടെ)പ്രഖ്യപനം (വിവാഹം നടന്നു എന്ന് കാണിച്ച്) ഫോം രണ്ടിൽ നൽകേണ്ടതാണ്. ഇതിനു 100രൂപ പിഴയും അടക്കേണ്ടിവരും. ഒരു വർഷത്തിനുശേഷവും രജിസ്ട്രർ ചെയ്യാം. അതിന് രജിസ്ട്രാർ ജനറലിന്റെ അനുവാദവും 250 രൂപ പിഴയും മുകളിൽ പറഞ്ഞതുപോലെയുള്ള ഉദ്യോഗസ്ഥ/ജനപ്രതിനിധികളുടെ പ്രഖ്യാപനവും ആവശ്യമാണ്.

### *വിവാഹ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് കിട്ടാൻ?*

വിവാഹ രജിസ്ട്രേഷനുള്ള അപേക്ഷ കിട്ടിയാലുടൻ അതിൽ രേഖപ്പെടുത്തിയിരിക്കുന്ന കാര്യങ്ങളുടെ നിജസ്ഥിതി മനസിലാക്കി ലോക്കൽ രജിസ്ട്രാർ വിവാഹം രജിസ്റ്റർ ചെയ്യണമെന്നാണ് വ്യവസ്ഥ. ഇങ്ങനെ രജിസ്റ്റൽ ചെയ്ത വിവാഹത്തിന്റെ സർട്ടിഫിക്കറ്റ് ലഭിക്കണമെങ്കിൽ 5 രൂപ ഫീസ് അടച്ച് അപേക്ഷിക്കണം. ഫോം 4ൽ ആണ് അപേക്ഷ നൽകേണ്ടത്. അപേക്ഷിച്ച് 5 പ്രവർത്തി ദിവസങ്ങൾക്കുള്ളിൽ സർട്ടിഫിക്കറ്റ് നൽകിയിരിക്കണം എന്നാണ് വ്യവസ്ഥ.

### *പേര് തെറ്റിയാൽ?*

ഭാര്യയുടെയോ ഭർത്താവിന്റെയോ പേര്, പ്രായം, പിന്നെ വിവാഹ തിയതി എന്നിവ തിരുത്തണമെങ്കിൽ 100 രൂപ ഫീസടച്ച് ഭാര്യയോ, ഭർത്താവോ അപേക്ഷ സമർപ്പിച്ചാൽ മതി.

മറ്റൊരാളുടെ വിവാഹ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ആവശ്യമാണെങ്കിൽ 25 രൂപ ഫീസടച്ച് ആർക്കുവേണമെങ്കിലും ആരുടെയും വിവാഹ സർട്ടിഫിക്കറ്റ് ലഭിക്കും.

### *വിവാഹം രജിസ്റ്റർ ചെയ്തില്ലങ്കിലോ?*

ഈ നിയമത്തിൽ പറയുന്ന രജിസ്ട്രാർമാർ നൽകുന്ന വിവാഹ സർട്ടിഫിക്കറ്റലാതെ യാതോരുവിധ സർട്ടിഫിക്കറ്റുകളും ഇനി മുതൽ സർക്കാർ ഒരു കാര്യത്തിനും വിവാഹരേഖയായി സ്വീകരിക്കുന്നതല്ല.

ഏതെങ്കിലും ലോക്കൽ രജിസ്ട്രാർ എടുക്കുന്ന തിരുമാനത്തിൽ ഒരു വ്യക്തിക്ക് തൃപ്തിയില്ലെങ്കിൽ രജിസ്ട്രാർ ജനറലിന് അപ്പീൽ സമർപ്പിക്കുവാനും രജിസ്ട്രാർ ജനറലിന്റെ തീരുമാനത്തിൽ തൃപ്തിയില്ലങ്കിൽ ചീഫ് റജിസ്ട്രാർ ജനറലിന് റിവിഷൻ ഹർജി നൽകാനും വകുപ്പുണ്ട്.

ഈ നിയമം വന്നതുകൊണ്ട് സഭകളിൽ നടത്തുന്ന വിവാഹങ്ങൾ നിയമാനുസൃതമല്ല എന്ന് തെറ്റിദ്ധരിക്കരുത്. അത് നിയമാനുസൃതവുമാണ്, വിലയുമുണ്ട്. എന്നാൽ സർക്കാർ തലത്തിൽ ഒരാവശ്യം വന്നാൽ രജിസ്ട്രാർ നൽക്കുന്ന സർട്ടിഫിക്കറ്റുകളെ സ്വീകരിക്കു എന്നുള്ളതുകൊണ്ടാണ് വിവാഹം രജിസ്റ്റർ ചെയ്യേണ്ടത്.

*- ജെയിസ് വർഗ്ഗീസ്*
*തിരുവനന്തപുരം*

# മഞ്ഞ് പുതച്ച...

*1-ാം പേജിൽ നിന്ന് തുടർച്ച*

ഭക്ഷിക്കുന്ന ഇവർ പറയുന്നത് ഒരു യാക്കിനെ കൊന്ന് നൂറ് പേർ തിന്നുമ്പോൾ യാക്കിനെ കൊന്ന പാപം നൂറായി വീതിക്കപ്പെട്ടു എന്നാണ് ഇവർ വിശ്വസിക്കുന്നത്. പാപത്തെപോലും കീറിമുറിച്ച് ലഘൂകരിക്കുന്ന ഇവരുടെ മനസ്സിൽ 'വിശ്വാസത്താലുള്ള രക്ഷയും അതു മുഖാന്തരം പാപത്തിൽ നിന്നുള്ള വിടുതലും' എന്ന വേദപുസ്തകസത്യം ഉൾക്കൊള്ളാനാവില്ല. എങ്കിലും കാലാകാലങ്ങളിലായി അനേക ബുദ്ധമതത്തിൽ നിന്നുള്ളവർ ക്രിസ് തീയവിശ്വസത്തിൽ വന്നിട്ടുണ്ട്.

പട്ടണത്തിൽ നിന്നും മാറി ഉൾനാടുകളിൽ ജീവിക്കുന്ന ലഡാക്കികളുടെ ജീവിതം വളരെ ദയനീയമാണ്. സാധാരണ നിലയിൽ ലഡാക്കിലെ താപനില +5 ഡിഗ്രിയിൽ കൂടാറില്ല. ഈ കൊടും തണുപ്പിൽ വെറും ചാക്കുവെച്ച് മറച്ച കൂരകളിലാണ് ഇവർ കുടുംബമായി താമസിക്കുന്നത്. പാലിനും, രോമത്തിനും വേണ്ടി ആടുകളെ വളർത്തുന്നതാണ് ഇവരുടെ ജോലി. ശൈത്യമേറുമ്പോൾ ഇവരുടെ ശരീരം ആകമാനം വിണ്ടുകീറും. കുട്ടികളുടെ കാര്യമാണ് ഏറെ കഷ്ടം. മുഖത്തെ തൊലിയെല്ലാം നഷ്ടപ്പെട്ട് വേദനകൊണ്ട് കരയുന്ന കുട്ടികൾക്ക് തണുപ്പിനെ പ്രതിരോധിക്കുവാൻ ഒരു സംവിധാനവും ഇല്ല. പോഷകാഹാര കുറവുമൂലമുണ്ടാകുന്ന മറ്റ് ആരോഗ്യ പ്രശ്നങ്ങൾ വേറെയും.



*ബുദ്ധമത വിശ്വാസികളുടെ ഉത്സവം*

ഇങ്ങനെ ഉള്ളവരുടെ ഇടയിൽ പ്രവർത്തിക്കുന്ന ചില ക്രിസ്തീയ സംഘടനകൾ ലേയിലുണ്ട്. നാടോടികളായ ഇവരെ കണ്ടെത്തി ആവശ്യമായ സഹായങ്ങൾ ഈ സംഘടനാ പ്രവർത്തകർ ചെയ്യുന്നു. വിക്ലിഫ് ട്രാൻസലേഷൻ ലേ ആസ്ഥാനമാക്കി ചില പ്രാദേശിക ഭാഷയിൽ ബൈബിൾ പരിഭാഷ ചെയ്യുന്നുണ്ട്. (മലയാളിയായ എസ്തേർ എബ്രഹാം 'ബോധി' എന്ന ഹിമാചൽ ഭാഷയിലുള്ള പരിഭാഷയിൽ ഏർപ്പെട്ടിരുന്ന കാര്യം റിന്യൂവൽ നേരത്തെ റിപ്പോർട്ട് ചെയ്തിരുന്നു.) ക്രിസ്ത്യാനികൾ വളരെ കുറവുള്ള ലഡാക്കിൽ ഈ അടുത്തകാലത്താണ് നാമധേയ ക്രിസ്ത്യൻ സ്ഥാപനങ്ങൾ സ്ഥാപിക്കപ്പെട്ടത്. മൊറേവ്യൻ മിഷൻ സ്ഥാപനങ്ങൾ ചിലത് പ്രവർത്തിക്കുന്നുണ്ട്. ലേയിലെ മൊറേവ്യൻ ചർച്ചിലെ പാസ്റ്റർ എലൈജ ജർഗാൻ ജോസഫ് ജർഗാന്റെ മകനാണ്.



*എലൈജ ജർഗാൻ*

1885ൽ മൊറേവ്യൻ ചർച്ച് ലേയിൽ ആരംഭിച്ചു. റവ. വിൽ ഹെല്ലം ആയിരുന്നു അന്ന് അവിടെ പ്രവർത്തിച്ചിരുന്നത്. 120 വർഷത്തിലധികം പഴക്കമുണ്ട് ലേയിലെ ക്രിസ്തീയ പ്രവർത്തനങ്ങൾക്ക്. എങ്കിലും ഇന്നും വിരലിൽ എണ്ണാവുന്ന വിശ്വാസികൾമാത്രം. മഞ്ഞിനാൽ മൂടികിടക്കുന്ന ഹിമഗിരിയുടെ ഈ താഴ്വാരങ്ങൾ എന്നാണ് സത്യ സുവിശേഷം ശരിയായി കേൾക്കുന്നത്? ആരാണ് പറയുന്നത് ? ആരു പോകും?.

*(മിലിട്ടറി എൻജിനീയറിങ്ങ് സർവ്വീസിൽ ജോലി ചെയ്യുന്ന സഹോ. ജയാർസൻ ജോസിനോട് വിവരങ്ങൾക്കും ചിത്രങ്ങൾക്കും കടപ്പാട്. സഹോദരൻ മൂന്നു വർഷം ലേയിൽ ജോലി ചെയ്തിട്ടുണ്ട്.)*


**Tiruvalla Medical Mission**
**School of Nursing**

(Recognised by Indian Nursing Council and Kerala Nurses and Midwives Council)

Post Box No. 50, Tiruvalla - 689101. Tel : 0469-2630144/45/46

Applications are invited from female candidates for admission to

**Diploma in General Nursing and Midwifery course**

of 3½ years to be commenced from 01.10.2008.

**Eligibility :** Candidates should be a resident of Kerala State and should have passed Plus two equivalent with Physics, Chemistry and Biology as optional subjects with minimum 45% marks. Age should be between 17-27 years as on 01.06.2008 with usual relaxation to SC/ST & backward community.

Application form can be obtained from the office of the Principal, School of Nursing on payment of Rs. 100/- in cash or DD of Rs. 125/- in favour of "Tiruvalla Medical Mission" payable at Tiruvalla. Last date of receipt of filled application is on 5th July 2008

— Administrator


# മോശെ

റിന്യൂവൽ ഡൈജസ്റ്റ്

✠ യിസ്രായേൽ ചരിത്രത്തിലെ ഏറ്റവും ഇരുളടഞ്ഞ കാലഘട്ടത്തിലായിരുന്നു മോശെയുടെ ജനനം (ബി.സി. 1520)

✠ മോഷെഹ് എന്നതാണ് പേരിന്റെ എബ്രായ രൂപം, 'വലിച്ചെടുക്കപ്പെട്ടു' എന്നതാണ് അർത്ഥം.

✠ മോശെയുടെ പിതാവ് അമ്രാം മാതാവ് യോഖേബെദ്, സഹോദരി മിര്യാം, സഹോദരൻ അഹരോൻ

✠ മോശെയുടെ ജീവിതകാലം 40 വർഷങ്ങൾ വീതമുള്ള മൂന്ന് ഘട്ടങ്ങളായി പിരിച്ചിരിക്കുന്നു. 1. ഫറവോന്റെ കൊട്ടാരത്തിൽ. 2. മിദ്യാനിൽ, 3. മരുഭൂമിയിൽ

✠ ഫറവോന്റെ പുത്രി ഹത്ഷെപ്സുത് രാജ്ഞിയായിരിക്കാം മോശെയുടെ വളർത്തമ്മ എന്ന് ചരിത്രപണ്ഡിതർ കരുതുന്നു.

✠ മോശെയുടെ ജീവിതത്തിലെ ആദ്യകാലഘട്ടത്തെക്കുറിച്ച് പുറപ്പാട് പുസ്തകത്തിൽ അധികം രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ ന്യായാധിപസംഘത്തിന്റെ മുമ്പാകെ സ്തെഫാനോസ് ചെയ്ത പ്രസംഗത്തിൽ ചില സൂചനകളുണ്ട്. (അപ്പോ. 7:22,23)

✠ മത്സരികളായ ജനത്തെ നശിപ്പിക്കാനൊരുങ്ങിയ ദൈവം മോശെയുടെ അപേക്ഷ മാനിച്ച് തന്റെ നിശ്ചയത്തിൽ നിന്ന് പിന്മാറി.

✠ ദൈവകല്പന ലംഘിച്ചു പാറയെ അടിച്ചതുകൊണ്ട് കനാൻ ദേശത്തു പ്രവേശിക്കുവാനുള്ള അനുവാദം മോശെയ്ക്കു നഷ്ടപ്പെട്ടു.

✠ യിസ്രായേൽ ജനത്തിന്റെ നായകനായിരുന്ന ഈ അത്ഭുത പുരുഷനെക്കുറിച്ച് ദൈവം നൽകിയ സാക്ഷ്യം "മോശെ എന്ന പുരുഷനോ ഭൂതലത്തിലുള്ള സകല മനുഷ്യരിലും അതിസൗമ്യനായിരുന്നു" എന്നത്രേ. നാൽപത് വർഷം മോശെ യിസ്രായേൽ ജനത്തെ നയിച്ചു യോർദ്ദാൻ നദി കടന്നു വാഗ്ദ്ദത്ത നാട്ടിൽ പ്രവേശിക്കുവാൻ കല്പനയും പ്രതീക്ഷിച്ചു ജനം മോവാബിൽ കഴിയുകയായിരുന്നു. കനാനിൽ പ്രവേശിക്കുവാനുള്ള അവകാശം മോശെയ്ക്കു നഷ്ടപ്പെട്ടു കഴിഞ്ഞിരുന്നുവെങ്കിലും (സംഖ്യ. 20:12) ദൈവത്തിന്റെ കൽപ്പന അനുസരിച്ച് മോശെ ജനത്തെ അനുഗ്രഹിച്ചു. നെബോ പർവ്വതത്തിൽ കയറി നിന്ന് മോശെ വാഗ്ദത്ത നാടു കണ്ടു. മോവാബിൽ വച്ചു തന്നെ മോശെ മരിച്ചു. ദൈവം ബേത്ത്-പെയോരിനെതിരെയുള്ള താഴ്വരയിൽ അടക്കി. മോശെയുടെ കല്ലറ എവിടെ എന്ന് ആർക്കും അറിയില്ല. 120-ാം വയസ്സിൽ മരിക്കുന്നതുവരെ കണ്ണു മങ്ങുകയോ ദേഹബലം ക്ഷയിക്കുകയോ ചെയ്തില്ല. (ആവ. 34:1-8)



*മൈക്കിൾ ആഞ്ചലോയുടെ ഭാവനയിൽ മോശെ*

# വിവാഹവേദി

അനേക യുവതീയുവാക്കൾക്ക് അനുയോജ്യരായ പങ്കാളികളെ കണ്ടെത്താൻ അവരുടെ മാതാപിതാക്കളേയും ബന്ധുക്കളേയും സഹായിക്കാ നുള്ള ഒരു സൗജന്യ ശുശ്രൂഷയാണ് - 'വിവാഹവേദി'. വിവാഹം ദൈവഹിത പ്രകാരം നടക്കണം. ഭൗതീക താൽപര്യങ്ങൾക്ക് പ്രാധാന്യം നൽകുന്ന പരസ്യങ്ങൾ പ്രോത്സാഹിപ്പിക്കുന്നതല്ല. **റിന്യുവൽ വരിക്കാരുടെ പരസ്യങ്ങളേ സൗജന്യമായി പ്രസിദ്ധീകരിക്കുകയുള്ളൂ. അല്ലാത്തവയ്ക്ക് ന്യൂസ് എഡിറ്ററുമായി ബന്ധപ്പെടുക.** പരസ്യങ്ങൾ തരുന്നവർ പേരും മേൽവിലാസവും അറിയിക്കണം.

**WANTED BRIDE GROOM**

**RM No : 794 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവതി 23 വയസ്സ് 5'3" ഉയരം. B.Tech. ബാംഗ്ലൂരിൽ ജോലി.

**RM No : 795 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവതി 24 വയസ്സ് 5'1" ഉയരം. GNM, IELTSനു പഠിക്കുന്നു.

**RM No : 796 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവതി 23 വയസ്സ് 5'3" ഉയരം. B.Com.

**RM No : 797 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവതി 24 വയസ്സ് 5'4" ഉയരം. B.Sc., MLT ജോലിയുണ്ട്.

**WANTED BRIDE**

**RM No : 798 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവാവ് 26 വയസ്സ് 5'5" ഉയരം. Offset Pressൽ ജോലി.

**RM No : 799 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവാവ് 29 വയസ്സ് 5'9" ഉയരം. Graphic Designer, മുംബൈയിൽ MNCയിൽ ജോലി.

**RM No : 800 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവാവ് 28 വയസ്സ് 5'8" ഉയരം. Electronic Technician, സൗദിയിൽ ജോലി, ജൂലൈ ആദ്യം നാട്ടിൽ വരും.

**RM No : 801 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവാവ് 29 വയസ്സ് 5'5". Offset Pressൽ ഗൾഫിൽ ജോലി. ആഗസ്റ്റിൽ നാട്ടിൽവരും

വിവാഹ വേദിയിലെ അന്വേഷണങ്ങൾ ബന്ധപ്പെട്ടവർക്ക് എത്തിക്കുന്നതാണ്. തുടർന്നുള്ള കാര്യങ്ങൾക്ക് നേരിട്ടേർപ്പെടുക. വിവാഹ വേദിയിലെ അന്വേഷണങ്ങൾക്ക് പകൽ 10 മുതൽ 5 വരെ **0484 2432896** എന്ന നമ്പറിൽ ബന്ധപ്പെടുക.

# ജനറൽ ഗോസ്പൽ ഫണ്ട് വാർഷിക റിപ്പോർട്ട്

ജനറൽ ഗോസ്പൽ ഫണ്ട് വാർഷിക റിപ്പോർട്ട് പ്രസിദ്ധീകരിച്ചു. 1942ൽ ആരംഭിച്ച ജനറൽ ഗോസ്പൽ ഫണ്ട് കേരളത്തിലും ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലുമായി ഭാഷാ വ്യത്യാസം കൂടാതെ കർത്താവിന്റെ വേലയിൽ ഏർപ്പെട്ടിരിക്കുന്ന അനേകം സുവിശേഷകൻമാർക്ക് തുടർച്ചയായി സാമ്പത്തിക സഹായം കൊടുത്തുകൊണ്ടിരിക്കുന്നു. നിർദ്ദിഷ്ട ദാനമായി ദാതാക്കൾ നൽകിയ പണം സഭാഹാൾ, സുവിശേഷകൻമാരുടെ വീടു പണി, മക്കളുടെ വിദ്യാഭ്യാസം, വിവാഹം, ചികിത്സ, വിധവകൾക്കുള്ള കൂട്ടായ്മ, അനാഥശാല, ട്രസ്റ്റ്, മുതലായവയ്ക്കും നിർദ്ദേശപ്രകാരം എത്തിച്ചു കൊടുത്തു. ഈ സാമ്പത്തിക വർഷം 14 സുവിശേഷകൻമാരെ കൂടെ ലിസ്റ്റിൽ ഉൾപ്പെടുത്തി ആകെ 243 പേരെ സഹായിച്ചുവരുന്നു. പൊതു സമതിയിൽ ഒഴിവു വന്ന സ്ഥാനത്തേക്ക് തൃശ്ശൂർ നെല്ലിക്കുന്ന് സിയോൻ സഭാംഗം ജോഷി മൈക്കിൾ കല്ലിങ്കലിനെ ഉൾപ്പെടുത്തി. സെക്രട്ടറിയായി ഫിലിപ്പ് വർഗ്ഗീസും, ജോ. സെക്രട്ടറിയായി ഇ.പി. സാമുവലിനേയും വീണ്ടും തിരഞ്ഞെടുത്തു. ഫണ്ടിലേക്കുള്ള കൂട്ടായ്മകൾ അയക്കേണ്ട ബാങ്ക് അക്കൗണ്ട് - SBT, Angamaly. A/c No. 57060213653. International SBT - 57060212956

- സെക്രട്ടറി

## ഗുഡ് സാമരിറ്റൻ മിനിസ്ട്രീസ്



തിരുവനന്തപുരം-ഗുഡ് സാമരിറ്റൻ മിനിസ്ട്രീസ് ആംബുലൻസ് സർവ്വീസ് തിരുവനന്തപുരത്ത് പ്രവർത്തന സജ്ജമായി. അത്യാഹിതത്തിൽപ്പെടുന്നവർക്കും, രോഗികൾക്കും പരമാവധി വേഗത്തിൽ സഹായമെത്തിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. നിർദ്ധനരായവർക്ക് സൗജന്യനിരക്കിലും സഹായമെത്തിക്കും. ശീതികരിച്ചതും ആധുനിക സജ്ജീകരണങ്ങളോടു കൂടിയതുമായ ടെമ്പോ ട്രാവലർ ആണ് വാഹനം. കൂടുതൽ വിവരങ്ങൾക്ക് - ഫോൺ 9995876157.

## മ്യാൻമ്യാറിനു വേണ്ടി പ്രാർത്ഥിക്കുക

മാൻമ്യാറിന്റെ തലസ്ഥാനമായ യാങ്കൂണിനും, സമീപ പ്രദേശത്തും മെയ് 2ന് ആഞ്ഞിടിച്ച നർഗ്ഗീസ് എന്ന ചുഴലികൊടുങ്കാറ്റിന്റെ വേഗത മണിക്കൂറിൽ 190 കി.മീ. ആയിരുന്നു. മാൻമ്യാറിലെ മാധ്യമങ്ങളുടെ റിപ്പോട്ടനുസരിച്ച് 23,335 പേർ മരിക്കുകയും 37,019പേരെ കാണാതാവുകയും ചെയ്തിട്ടുണ്ടെന്ന് കരുതപ്പെടുന്നു. ലക്ഷകണക്കിനാളുകൾ ഭവനരഹിതരായി.

പട്ടാളഭരണം നിലവിലുള്ള മാൻമ്യാറിൽ ഭരണകൂടം മറ്റ് രാജ്യങ്ങളുടെയും, സംഘടനകളുടെയും സഹായം നിരാകരിച്ചത് ദുരിതത്തിന്റെ ആഴം കൂട്ടി. നേരത്തെ പട്ടാളഭരണത്തിൽ നിന്ന് സ്വതന്ത്ര്യം ലഭിക്കുന്നതിനുവേണ്ടി ബുദ്ധസന്യാസിമാരുടെ നേതൃത്വത്തിൽ വൻ പ്രക്ഷോഭങ്ങൾ നടന്നുകൊണ്ടിരിക്കുകയായിരുന്നു. ഇപ്പോൾ അവിടത്തെ ശരിയായ സ്ഥിതി എന്താണെന്ന് ലോകത്തിന് അജ്ഞാതമാണ്. അനേക വിശ്വാസികളുള്ള സ്ഥലമാണ് തലസ്ഥാനമായ യാങ്കൂൺ. അവിടെ നടക്കുന്ന പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കുവേണ്ടിയും ഭരണകൂടത്തിനുവേണ്ടിയും, വിശ്വാസികൾക്കുവേണ്ടിയും പ്രാർത്ഥിക്കുക.

## ബൈബിൾ ക്യാമ്പ് നടന്നു

മലബാർ ഡിവിഷൻ വൈ.എം.ഇ.എഫ്. ബൈബിൾ ക്യാമ്പ് മെയ് 20 മുതൽ 22 വരെ കണ്ണൂർ സി.എസ്.ഐ. ഓഡിറ്റോറിയത്തിൽ നടന്നു. സഹോദരൻമാരായ കോശി മാത്യു (മുംബൈ) ജോസഫ് ആന്റണി (കുടിയാന്മല) എന്നിവർ സന്ദേശങ്ങൾ നൽകി. ചർച്ചകൾ, പ്രബന്ധങ്ങൾ എന്നിവയും ഉണ്ടായിരുന്നു. മലബാറിന്റെ വിവിധഭാഗങ്ങളിൽ നിന്ന് സുവിശേഷകരും, വിശ്വാസികളും പങ്കെടുത്തു.

## കമന്റേഷൻ



തൃശ്ശൂർ നെല്ലിക്കുന്ന് സിയോൻ സഭാംഗം ജോഷി ജോൺ 2005-ൽ വേലയ്ക്കായുള്ള ദൈവവിളിയെ തുടർന്ന് സഭയോടു ചേർന്ന് പ്രവർത്തിച്ചുവരികയായിരുന്നു. 2006-ൽ വേദപഠനത്തിനായി കുമ്പനാട് ബഥനി ബൈബിൾ സ്കൂളിൽ ചേർന്ന് പഠിച്ചു. കുഞ്ഞുങ്ങളുടെയും, യുവജനങ്ങളുടെയും ഇടയിൽ പ്രവർത്തിക്കുവാനുള്ള കഴിവ് ദൈവം സഹോദരന് നൽകിയിട്ടുണ്ട്. ഇപ്പോൾ നെല്ലിക്കുന്ന് സഭയോട് ചേർന്ന് മൂർക്കനിക്കരയിൽ പ്രവർത്തിച്ചുവരുന്നു. സഭയ്ക്ക് സഹോദരന്റെ

## നമുക്കു ചുറ്റും

വേലയ്ക്കുള്ള ദൈവവിളി ബോധ്യപ്പെട്ടതിനാൽ സുവിശേഷകനായി കമന്റ് ചെയ്യുന്നു എന്ന് ദൈവജനത്തെ അറിയിക്കുന്നു. ഭാര്യ മിനി, മക്കൾ ജെമിമ്മ, ജെസിൻ. സഭയ്ക്കുവേണ്ടി ജയിംസ് വില്ല്യംസ്, പി.വി. ആന്റണി, എം.പി. ഗോഡ്‌ലി, സഹോദരന്റെ വിലാസം Joshy John, Cheruvathoor, Nazareth Angadi, Nellikkunu, Trichur - 680 005

## കുവൈറ്റിൽ ഒരു പുതിയ സഭാകുടിവരവ്

മലയാളികൾ തിങ്ങിപ്പാർക്കുന്ന അബ്ബാസ്സിയ എന്ന സ്ഥലത്ത് 2002 മുതൽ നടത്തി വരുന്ന സുവിശേഷ പ്രവർത്തനങ്ങൾ മുഖാന്തരം രക്ഷിക്കപ്പെട്ടു സഭാ ബന്ധത്തിൽ വന്നവരുടെ ആത്മീയ വളർച്ചയെ ലക്ഷ്യമാക്കി ക്രിസ്ത്യാൻ ബ്രദ്റൻ അസ്സംബ്ലി എന്ന പേരിൽ ഒരു സഭാകുടിവരവ് 2008 ഫെബ്രുവരി 15ന് ആരംഭിച്ചു. സഭയുടെ വിലാസം CBAK P.O, BOX 20237 SAFAT, 13063 KUWAIT സഭയ്ക്കുവേണ്ടി, ജോൺ ജോർജ്ജ്, ജോയി ജോൺ, സഖറിയ. റ്റി. ജോർജ്ജ്.

## പുതിയ കുടിവരവ്

തിരുവന്തപുരം വെള്ളറട സഭാംഗം സുവിശേഷകൻ ബേബി ജോർജ്ജും മറ്റ് സഹോദരന്മാരും സുവിശേഷകരും ചേർന്ന് അമ്പൂരിയിൽ പ്രവർത്തിച്ചതിന്റെ ഫലമായി മെയ് 25ന് ഒരു പുതിയ സഭാകുടി വരവ് ആരംഭിച്ചു. തുടർന്നും ഇവിടുത്തെ പ്രവർത്തനങ്ങളെ ഓർത്ത് പ്രാർത്ഥിക്കുക. ബേബി ജോർജ്ജ്, പി.പി.വർഗ്ഗീസ്.

## റായ്ച്ചൂർ

ആന്ധ്രാ, മഹാരാഷ്ട്ര അതിർത്തി ജില്ലയായ കർണ്ണാടകയിലെ റയ്ച്ചൂരിൽ നവോദയ മെഡിക്കൽ കോളേജിൽ പഠിക്കുന്ന കുട്ടികൾക്കായി ജൂൺ 4ന് ഒരു സഭാകുടി വരവ് ആരംഭിച്ചു.സുവിശേഷകൻ. റ്റി.ജെ.മാത്യുവും, കുടുംബവും ഇവിടെ താമസിച്ച് പ്രവർത്തിക്കുന്നു. വിലാസം. T. J. Mathew, Vasavinagar, Raichur, Karnataka-584 101.

## അറിയിപ്പ്

എറണാകുളം സൗത്ത് ബെഥേൽ ബ്രദ്റൻ സഭയ്ക്കുള്ള കത്തുകളും അറിയിപ്പുകളും ഈ വിലാസത്തിൽ അയക്കണമെന്ന് താൽപര്യപ്പെടുന്നു. Bethel Brethren Church, Ernakulam (South), S.A. Road, Opp. Malayala Manorama, Kochi - 682 036. സഭയ്ക്കു വേണ്ടി ഇം. എം. തോമസ്, വി.വി. പൗലോസ്.

## സഭാഹാൾ സ്തോത്രശുശ്രൂഷ

തിരുവനന്തപുരം - ജൂൺ 25ന് തിരുമല സഭാഹാളിന്റെ സ്തോത്രശുശ്രൂഷയും 28 വരെ സുവുശേഷ യോഗങ്ങളും നടക്കും. സഹോ. എം.എം. സക്കറിയ, പി. ജെ. ജയിംസ് (തണ്ണിതോട്) തുടങ്ങിയവർ സന്ദേശങ്ങൾ നൽകും.

## തിരുവനന്തപുരം യൂത്ത് ക്യാമ്പ് നടന്നു



യൂത്ത് ക്യാമ്പിൽ പങ്കെടുത്തവർ

തിരുവനന്തപുരം, മണ്ണന്തല ജെ.എം.എം.സ്റ്റഡി സെന്ററിൽവെച്ച് മെയ് 25 മുതൽ 28 വരെ യൂത്ത് ക്യാമ്പ് നടന്നു. കേരളത്തിന്റെ വിവിധഭാഗങ്ങളിൽ നിന്നായി നൂറോളം പേർ പങ്കെടുത്തു. സമർപ്പണം എന്നതായിരുന്നു വിഷയം. മാത്യു പോൾ, ജോൺ കുര്യൻ, തോമസ് മാത്യു, ജെയിംസ് വർഗ്ഗീസ്, വർഗ്ഗീസ് ജോൺ, ജോസഫ് ആന്റണി, ബെൻസിക്ക് മിരൻഡ എന്നിവർ സന്ദേശങ്ങൾ നൽകി.

## മഹത്വത്തിൽ



കൊടുങ്ങല്ലൂർ എബനേസ്സർ ബ്രദ്റൻ സഭാംഗം പുലിക്കോട്ടിൽ പരേതനായ പി.എം. വറുതപ്പന്റെ ഭാര്യ മറിയാമ്മ (83) മഹത്വത്തിലേക്ക് പ്രവേശിച്ചു. അങ്കമാലി നായത്തോട് കാക്കശ്ശേരി കുടുംബാംഗമാണ്.



തൃശ്ശൂർ വളരായി തൊമ്മൻ മകൾ മാത്തിരി (84) ജൂൺ 6-ാം തീയതി മഹത്വത്തിൽ പ്രവേശിച്ചു. കിഴക്കേക്കോട്ട സഭ സിമിത്തേരിയിൽ സംസ്ക്കരിച്ചു. അനേകനാളുകൾ കൊല്ലം സോദരിഭവനിലെ പ്രവർത്തനത്തിലായിരുന്നു.

## പ്രയർ കലണ്ടർ
### ജൂലൈ 2008

പ്രാർത്ഥനാ ചങ്ങലയിൽ ചേർന്നവർക്ക് മാത്രം അല്ല, എല്ലാ ദിവസവും നിശ്ചിത സമയം ദൈവസന്നിധിയിൽ ചെലവഴിക്കാൻ താൽപര്യമുള്ള എല്ലാവർക്കും വേണ്ടിയാണ് ഈ കലണ്ടർ. റിന്യൂവലിന്റെ മറ്റു പേജുകളിലും ധാരാളം പ്രാർത്ഥനാ വിഷയങ്ങൾ ഉണ്ട്. നാം പതിവായി പ്രാർത്ഥിക്കുന്ന ആളുകളുടേയും വിഷയങ്ങളുടെയും ലിസ്റ്റുണ്ടാക്കുന്നത് എത്രയും നല്ലതാണ്. നിങ്ങളുടെ പ്രാർത്ഥനാ വിഷയങ്ങൾ എഴുതുക. പ്രയർ കലണ്ടർ C/o റിന്യൂവൽ, പി. ബി. 46, തിരുവല്ല 689 101.

| | | | | | |
|---|---|---|---|---|---|
| **ഞായർ** സ്ഥലം സഭയ്ക്കു വേണ്ടി | **ഒരു മണിക്കൂറിനുള്ള ഏകദേശ പ്രോഗ്രാം**<br>5 മിനിററ് സ്തുതി:<br>5 മിനിററ് നന്ദി (സ്ത്രോതം):<br>5 മിനിററ് ഏററുപറച്ചിൽ:<br>20 മിനിററ് വചനധ്യാനം:<br>20 മിനിററ് മദ്ധ്യസ്ഥ പ്രാർത്ഥന:<br>5 മിനിററ് അപേക്ഷ: | **6** സ്ഥലം സഭയിലെ ഓരോ വിശ്വാസിയുടെയും പേരു പറഞ്ഞ് പ്രാർത്ഥിക്കുക, എല്ലാ മീറ്റിംഗുകൾക്കായും, ശുശ്രൂഷിക്കുന്നവരുടെ പേരു പറഞ്ഞ്. സഭയിലെ വിശ്വാസഭവനങ്ങൾ സന്ദർശിച്ച് വിവരങ്ങൾ അറിയുകയും പ്രാർത്ഥിക്കുകയും ചെയ്യുക. ആരാധനാ യോഗത്തിൽ കൂടുതൽ പേർ സ്തോത്രം ചെയ്യാൻ. | **13** സഭയിൽ നിന്നും സുവിശേഷ വേലക്കായി പോയവരെ കുടുംബമായി ഓർത്ത്. ആരും പോയിട്ടില്ലെങ്കിൽ ചിലരെ ദൈവം എഴുന്നേൽപിക്കാൻ. സഭയായും വ്യക്തിപരമായും അവർക്ക് സാമ്പത്തികമായും അല്ലാതെയുമുള്ള പിന്തുണ നൽകാൻ. അവർ പോയ സ്ഥലം സന്ദർശിക്കുക. അവരെ വിളിച്ചു സഭയിൽ പ്രത്യേക യോഗങ്ങൾ നടത്തുക | **20** ജോലിക്കായി, പഠനത്തിനായി മറ്റ് സ്ഥലങ്ങളിൽ പോയവരെ ഓർത്ത് അവരുടെ ആത്മികാഭിവൃദ്ധിക്കായി പ്രത്യേകം (കത്തെഴുതി പ്രോത്സാഹിപ്പിക്കുക്കും, ടെലിഫോൺ ചെയ്ത് വിവരങ്ങൾ അറിയുകയും ചെയ്യുക.) അവരുടെ വചനധ്യാനം, പ്രാർത്ഥന മെച്ചപ്പെടാൻ. ജോലിയില്ലാത്തവർക്കായി ആദ്യം അവരുടെ ആത്മികാവശ്യങ്ങൾക്കായി. | **27** രക്ഷിക്കപ്പെടാത്ത കുഞ്ഞുങ്ങൾ ഉൾപ്പെടെയുള്ളവർക്കായി. സൺഡേ സ്കൂൾ, യൂത്ത് മീറ്റിംഗ്, സഹോദരിമാരുടെ യോഗം, പ്രാർത്ഥനാ യോഗം, ബൈബിൾ ക്ലാസ് ഇവ ക്രമമായി നടക്കാൻ; ഇല്ലെങ്കിൽ ആരംഭിക്കാൻ. സൺഡേ സ്കൂളിൽ മറ്റ് കുട്ടികളെ ക്ഷണിക്കുകയും അദ്ധ്യാപകർക്കായും പേരുപറഞ്ഞ്. കുട്ടികൾക്കായി പ്രത്യേക യോഗങ്ങൾ നടക്കാൻ. |
| **തിങ്കൾ** അധികാര സ്ഥാനങ്ങളിലുള്ളവർക്ക് വേണ്ടി | | **7** ഭാരതത്തിന്റെ ഭരണാധികാരികൾക്കായി, രാഷ്ട്രപതി ശ്രീമതി പ്രതിഭാ പാട്ടീലിനായി. സുപ്രീംകോടതി ചീഫ് ജസ്റ്റിസ് ശ്രീ. കെ.ജി. ബാലകൃഷ്ണൻ, ജഡ്ജിമാർ, കേരള ഹൈക്കോടതി ചീഫ് ജസ്റ്റിസ്, ജഡ്ജിമാർ. ദൈവജനത്തിനു സ്വാതന്ത്ര്യം തുടർന്നു ലഭിക്കാൻ. കർണ്ണാടക മുഖ്യമന്ത്രി യെഡിയൂരപ്പ. | **14** വിവിധ സംസ്ഥാന ഭരണാധികാരികളെ ഓർത്ത്. (ഭൂപടം നോക്കി പ്രാർത്ഥിക്കുക). രാജസ്ഥാൻ മുഖ്യമന്ത്രി വസുന്ധര രാജസിന്ധ്യ, ഗുജറാത്ത് മുഖ്യമന്ത്രി നരേന്ദ്ര മോഡി തുടങ്ങിയവരെ ഓർത്ത്. ഈ സംസ്ഥാനങ്ങളിൽ ആത്മീയ ഉണർവ്വുണ്ടാകാനും. അനേകർ രക്ഷിക്കപ്പെടുവാനും പുതിയ കൂടിവരവുകൾക്കായും. | **21** നിങ്ങൾ ആയിരിക്കുന്ന സംസ്ഥാനത്തെയും ഭരണാധികാരികളെയും ഓർത്ത് കേരളത്തിനു വേണ്ടി പ്രത്യേകം. മുഖ്യമന്ത്രി അച്യുതാനന്ദൻ, വിദ്യാഭ്യാസ മന്ത്രി എം.എ. ബേബി, വിദ്യാഭ്യാസരംഗം സമാധാനപരമാകാൻ. ന്യൂനപക്ഷങ്ങൾക്കുള്ള അവകാശം നിഷേധിക്കപ്പെടാതിരിക്കാൻ. അതേസമയം മെറിറ്റടിസ്ഥാനത്തിൽ അർഹമായവർക്കു അവസരം ലഭിക്കാനും. | **28** തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടി. കോർപ്പറേഷൻ, മുൻസിപ്പാലിറ്റി കൗൺസിലർമാർ, പഞ്ചായത്ത് പ്രസിഡന്റ് മെമ്പറന്മാർ. ഇവരുടെ പേരു പറഞ്ഞ് മാലിന്യനിർമ്മാർജ്ജനം ഫലപ്രദമാകാൻ. (നമ്മുടെ പങ്ക് നിർവഹിക്കുന്നുണ്ടോ?) കേരള ആരോഗ്യമന്ത്രി പി.കെ. ശ്രീമതി. തദ്ദേശ സ്വയം ഭരണ മന്ത്രി പാലോളി അഹമ്മദ് കുട്ടി. |
| **ചൊവ്വ** രക്ഷിക്കപ്പെടാത്തവർക്കു വേണ്ടി | **1** നിങ്ങളുടെ സ്ഥലത്തെ എം.പി., എം.എൽ.എ. എന്നിവർ രക്ഷിക്കപ്പെടാനായി. അയൽക്കാരെ ഓർത്ത് പ്രത്യേകം പ്രാർത്ഥിക്കുക (അവരോട് നല്ലതായി നാം ഇടപെടണം) നേരത്തെ നിങ്ങൾ സുവിശേഷം പങ്കുവച്ചവർക്കുവേണ്ടി (അനുധാവന പ്രവർത്തനങ്ങൾ ചെയ്യുവാൻ ശ്രമിക്കുക). | **8** സുവിശേഷ വിരോധികളായ സംഘടനകൾ, നേതാക്കൾ ഇവരുടെ പേരു പറഞ്ഞ്. പത്രങ്ങളിൽ നിന്നും പേരുകൾ ശേഖരിച്ച് പതിവായി പ്രാർത്ഥിക്കുക. തീവ്രവാദി സംഘടനകളുടെ നേതാക്കന്മാർ. രക്ഷിക്കപ്പെട്ടു പുതിയ ജീവിതം ആരംഭിക്കാൻ. രാഷ്ട്രീയ പാർട്ടി നേതാക്കന്മാർ രക്ഷിക്കപ്പെടുവാൻ. ബി.ജെ.പി. പ്രസിഡന്റ് രാജനാഥ് സിംഗ്, സി.പി.എം. സെക്രട്ടറി പ്രകാശ് കാരാട്ട്. | **15** രക്ഷിക്കപ്പെടാത്ത ഗവ. ഉദ്യോഗസ്ഥർക്കായി, ജില്ല കളക്ടർ, പോലീസുദ്യോഗസ്ഥന്മാർ ഇവർക്കായി. വില്ലേജ് ഓഫീസ്, ആർ.ടി.ഒ. ഓഫീസ് തുടങ്ങിയ അധികാര സ്ഥാനങ്ങളിലുള്ളവർക്കായി. ജനങ്ങളുടെ ക്ഷേമത്തിനായും, നീതിയോടെയും ഭരിക്കാൻ. ഗവ. ആശുപത്രികളിലെ ഡോക്ടർമാർ, നേഴ്സുകൾ, സ്റ്റാഫ്. | **22** നാം അനുദിനം കണ്ടുമുട്ടുന്നവരെ ഓർത്ത് മീൻ, പച്ചക്കറി തുടങ്ങിയവയുമായി വീട്ടിൽ വരുന്നവർക്കായി. അവരോട് സുവിശേഷം പറയുകയും ട്രാക്ട് ചെറിയ പുസ്തകങ്ങൾ ഇവ നൽകുകയും ചെയ്യുക. പെട്രോൾ പമ്പിലെ ജോലിക്കാരെ ഓർത്ത്, വീട്ടിൽ വരുന്ന ഭിക്ഷക്കാരോടും സുവിശേഷം പറയുക. | **29** നമ്മുടെ ബന്ധുജനങ്ങൾ, സഹപ്രവർത്തകർ, സഹപാഠികൾ. ഇവരിൽ ഇനിയും നാം മുഖാന്തരം സുവിശേഷം കേൾക്കാത്തവരുണ്ടോ. കത്തിലൂടെ ഫോണിലൂടെ ഒരു വാക്കു പറയാമോ. അവർക്കായി പ്രാർത്ഥിക്കുക. ബന്ധുക്കൾകും, ഉറ്റ സുഹൃത്തുകൾക്കുകമായി പ്രത്യേക മീററിംഗ് അല്ലെങ്കിൽ ചായ സൽക്കാരം നടത്തി സുവിശേഷം പങ്കു വയ്ക്കുമോ, പ്രാർത്ഥിക്കുക. |
| **ബുധൻ** സൗഖ്യമില്ലാത്തവർക്ക് വേണ്ടി | **2** പകർച്ചവ്യാധികൾ പടരാതിരിക്കാൻ, കേരളത്തിലെ ജനങ്ങൾ ദൈവമുഖത്തേക്കു നോക്കാൻ. അനേക വിശ്വാസികളും കഷ്ടമനുഭവിക്കുന്നു. വിശ്വാസികളായ ഡോക്ടർമാർ, നേഴ്സുമാർ തുടങ്ങിയവർ വിശ്വസ്തരായി തങ്ങളുടെ ദൗത്യം നിർവഹിക്കാൻ. നമ്മുടെ രാജ്യത്തോടുള്ള കടപ്പാട് വിസ്മരിക്കാതിരിക്കാൻ. | **9** സുവി. ടി.ജെ തങ്കച്ചൻ (മുഹമ്മ) ഹൃദയ സംബന്ധമായ രോഗം. ചെറിയാൻ ചാണ്ടി (കളമശ്ശേരി) ബൈക്ക് അപകടത്തേ തുടർന്ന് ചികിത്സയിൽ. ഇ.ജെ. ബെന്നി (യു.എസ്.എ) ബൈപ്പാസ് സർജറി കഴിഞ്ഞ് വിശ്രമിക്കുന്നു. ജേക്കബ് ആൻഡ്രൂസ് (അഹമ്മദാബാദ്), ലിയോ പോൾ (ഇരിങ്ങാലക്കുട), വി.ടി.ജോൺ (ചണ്ഡീഗഢ്), തോമസ് ഫിലിപ്പ് (ബാംഗ്ലൂർ). | **16** കാൻസർ രോഗികൾ - തങ്കമ്മ ജോൺ (കൊട്ടാരക്കര), എസ്തേർ (5 വയസ്സ്), കെ.ജെ. ജോസഫ് (തിരുവനന്തപുരം), ടി.എസ്. ജോൺ (പയ്യന്നൂർ), ഗ്രേസ് ജോൺസൺ (എറണാകുളം), റാഫേൽ (ഇടയക്കുന്നം). ഹൃദയ സംബന്ധ രോഗികൾ - ടി.ജെ. സൈമൺ (തിരുവനന്തപുരം), ജോർജ്ജുകുട്ടി ലൂക്കോസ് (പുന്നല്ലൂർ), വി.ടി. ജോർജ്ജ് (മണ്ണാരകുളഞ്ഞി) | **23** പ്രായമായവർക്കു വേണ്ടി, നമ്മുടെ മാതാപിതാക്കൾ സഭയിലുള്ള പ്രിയപ്പെട്ടവർ ഇവരെ ഓർത്ത്. നമ്മുടെ മദ്ധ്യത്തിൽ പ്രായമുള്ള പിതാക്കന്മാരായ പി.കെ. മാത്യൂസ് (തിരുവല്ല), വി.പി. ജേക്കബ് (തിരുവനന്തപുരം), ഫിലിപ്പ് ഏബ്രഹാം (കല്ലിശ്ശേരി) തുടങ്ങിയവർക്കായി. നിങ്ങൾക്കറിയാവുന്ന മറ്റുള്ളവരുടെ പേരു പറഞ്ഞ്. | **30** ശാരീരിക പ്രയാസമുള്ള കുഞ്ഞുങ്ങൾക്കായി. മനുവേൽ (കുടിയാന്മല), മെർലിൻ (മേപ്രാൽ), നിയ (ഇടയക്കുന്നം), സ്റ്റെവിൻ (പത്തനാപുരം). വൈകല്യമുള്ള കുട്ടികൾക്കായി. അവരെ ചികിത്സിക്കുന്നവർക്കായി. വെല്ലൂർ മെഡിക്കൽ കോളേജിലെ ഡെവലപ്മെന്റൽ പീഡിയാട്രിക്സ് ഡിപ്പാർട്ട്മെന്റിനായി. വൈകല്യമുള്ള കുട്ടികളുടെ സംരക്ഷണത്തിനായി. |
| **വ്യാഴം** സുവിശേഷ പ്രവർത്തകർ, പ്രവർത്തനങ്ങൾ | **3** വൈ.എം.ഇ.എഫ്. ടീം പ്രവർത്തനങ്ങൾ തടസ്സം കൂടാതെ നടക്കാൻ. പഞ്ചാബിലും കർണ്ണാടകയിലും നടക്കുന്ന പ്രവർത്തനത്തിനായി. ആവശ്യമായ ടീംമംഗങ്ങൾക്കായി. പ്രവർത്തകരുടെ സംരക്ഷണത്തിനായി. വടക്കേ ഇന്ത്യയിൽ പ്രവർത്തിക്കുന്ന സുവിശേഷകരേയും കുടുംബാംഗങ്ങളേയും ഓർത്ത്. | **10** മാസവേല, മാസയോഗം, റേഡിയോ (വിശ്വവാണി, ഫീബാ) ടി.വി. പ്രവർത്തനങ്ങൾ: - സത്ഗമയ, ഇവാൻജൽ മിനിസ്ട്രി. അറേബ്യൻ ന്യൂസ് തുടങ്ങിയ ഇന്റർനെറ്റ് ശുശ്രൂഷകൾക്കായി. ജി.എൽ.എസ്. തുടങ്ങിയ ലിറ്ററച്ചർ പ്രവർത്തനങ്ങൾക്കായി ഗോസ്പൽ ട്രാക്ട് സൊസൈറ്റി മൈലപ്ര. | **17** ബൈബിൾ സ്കൂളുകൾക്കായി, പഠിക്കുന്നവരും, പഠിപ്പിക്കുന്നവരും സമർപ്പണത്തോടെ ആയിരിക്കാൻ. പത്തനംതിട്ട ബി.ബി. ഇൻസ്റ്റിറ്റ്യൂട്ട്, തൃശൂർ രഹബോത്ത്, കണ്ണൂർ വേദനാദം, വി. നാഗൽ കുന്നുംകുളം, ജി.റ്റി.സി. പെരുമ്പാവൂർ, സ്റ്റീവാർഡ്സ് ചെന്നൈ, ബെഥനി കുമ്പനാട്, ബി.ബി.ഐ. മധുര, നിബി അൾവാർ (രാജസ്ഥാൻ). | **24** മിഷണറി പ്രവർത്തനങ്ങൾ നടത്തുന്ന സംഘടനകൾ : എവരിഹോം ക്രൂസേഡ് കാമ്പസ് ക്രൂസേഡ്, മിഷൻസ് ഇന്ത്യ, ബില്ലി ഗ്രഹാം ക്രൂസേഡുകൾ, എഫ്.എം.പി.ബി., ഇ.യു., ഒ.എം., പ്രവർത്തനങ്ങൾക്കായി കുടുംബാംഗങ്ങൾക്കായി നേതൃത്വം നൽകുന്നവർക്കായി. | **31** ബൈബിൾ സൊസൈറ്റികൾക്കായി. വിക്ലിഫ് ട്രാൻസലേഷൻ പ്രവർത്തനങ്ങൾക്കായി. വേദപുസ്തക തർജ്ജമ, പ്രിന്റിംഗ്, വിതരണം ഇവക്കായി. ഇനിയും തർജ്ജമ ചെയ്യാൻ ഭാരതത്തിൽ 200 - ഓളം ഭാഷകൾ. അനേകർ ഇതിനായി സമർപ്പിക്കപ്പെടാൻ. |
| **വെള്ളി** ലോക രാജ്യങ്ങൾ | **4** ഒരു വർഷം 12.43 കോടി ജനങ്ങൾ ഭൂമിയിൽ ജനിക്കുമ്പോൾ 5.27 കോടി മരിക്കുന്നു. നിത്യ ജീവൻ നൽകുന്ന സുവിശേഷം ഏവരും ശ്രവിക്കുവാനുള്ള മുഖാന്തരങ്ങൾ ഉണ്ടാകേണ്ടതിന്, പാക്കിസ്ഥാനിൽ ഇന്ത്യാ പാക്കിസ്ഥാൻ സൗഹൃദാന്തരീക്ഷത്തിനായി. ഇറാഖിനുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുക. | **11** അമേരിക്കയ്ക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുക. ഭൂപടം നോക്കി യൂറോപ്യൻ രാജ്യങ്ങളുടെ പേരുകൾ കണ്ടെത്തി പ്രാർത്ഥിക്കുക. ഈ രാജ്യങ്ങളിൽ നാമധേയ ക്രിസ്ത്യാനികളാണ് അധികവും. അവർ യഥാർത്ഥ രക്ഷയി ലേക്ക് വരുവാൻ. | **18** ചൈനയിലെ രഹസ്യസഭകൾക്കുവേണ്ടി, ലോകജനസംഖ്യയുടെ 21% (128 കോടി) ഉൾക്കൊള്ളുന്ന ഇവിടേയ്ക്ക് അനേക മിഷണറിമാർ കടന്നുപോകേണ്ടതിനായി, പീഢനങ്ങളിലൂടെ കടന്നുപോകുന്ന വിശ്വാസികൾക്കായി. മ്യാൻമാറിനുവേണ്ടി ചുഴലിക്കാറ്റിനെ തുടർന്ന് ഉണ്ടായ നാശനഷ്ടങ്ങളിൽ ജനങ്ങൾ വലയുന്നു. | **25** 10/40 ജാലക രാജ്യങ്ങൾക്കുവേണ്ടി, 196 കോടി ജനങ്ങൾ മതനിയമങ്ങൾ പ്രാബല്യത്തിലിരിക്കുന്ന രാജ്യങ്ങളിൽ അധിവസിക്കുന്നു. സുവിശേഷീകരണ സ്വാതന്ത്ര്യം ഇല്ലാത്ത രാജ്യങ്ങൾക്കുവേണ്ടി. യിസ്രായേൽ - പാലസ്തീൻ പ്രശ്നങ്ങൾ സമാധാനപരമായി പരിഹരിക്കപ്പെടേണ്ടതിന്. |  |
| **ശനി** കുട്ടികൾ, യുവജനങ്ങൾ, ജീവകാരുണ്യ പ്രവർത്തനങ്ങൾ | **5** സോദരി ഭവൻ കൊല്ലം, സ്റ്റുഡൻസ് ഇവാഞ്ചലിസം ഫെലോഷിപ്പ്, ബൈബിൾ തർജ്ജമയിൽ ഏർപ്പെട്ടിരിക്കുന്നവർക്കായി. ACCEPT ബാംഗ്ലൂർ എയ്ഡ്സ് രോഗികൾക്ക്, വൃദ്ധ മന്ദിരങ്ങൾ - മിസ്സ്. സൻഗ്രൻ മെമ്മോറിയൽ നെല്ലിക്കുന്ന്, ബ്രദ്റൻ മേഴ്സി ഹോം കുമ്പനാട്. | **12** തിരുവല്ല മെഡിക്കൽ മിഷൻ, വാഴൂർ വെല്ലൂർ ക്രിസ്ത്യൻ മെഡിക്കൽ കോളേജ്, ലുധിയാന ക്രിസ്ത്യൻ മെഡിക്കൽ കോളേജ് ഒട്ടം ഛത്രം (തമിഴ്നാട്), സങ്കേശ്വർ മിഷൻ ഹോസ്പിറ്റൽ ബൽഗാം, നരസപൂർ ക്രിസ്ത്യൻ ഹോസ്പിറ്റൽ (ആന്ധ്ര), അംബാജിപേട്ട് ആശുപത്രി. നമ്മുടെ മദ്ധ്യത്തിൽ ഒരു മെഡിക്കൽ കോളജിനായി. | **19** അനാഥശാലകൾ, ഗേൾസ്ഹോസ്റ്റലുകൾ: രെഹബോത്ത് ഗേൾസ് ഹോം നെല്ലിക്കുന്ന്, ബെഥേസ്ഥ ബോയ്സ് ഹോം ഇരിങ്ങാലക്കുട, ദയാവിഹാർ തിരുവല്ല, ബോയ്സ് ഹോം മലവള്ളി (കർണ്ണാടക). ട്രസ്റ്റുകൾ : ബ്രദ്റൻ റിലീഫ് ട്രസ്റ്റ് തിരുവനന്തപുരം, G.F.T.I. (മദ്രാസ്), സ്റ്റൂവാർഡ് അസോസിയേഷൻ. | **26** സ്ക്കൂൾ മിനിസ്ട്രി - രെഹബോത്ത് ഗേൾസ് സ്ക്കൂൾ നെല്ലിക്കുന്ന്, നോയൽ മെമ്മോറിയൽ സ്ക്കൂൾസ് കുമ്പനാട്, വടക്കെ ഇന്ത്യയിലെ നമ്മുടെ സ്ക്കൂളുകൾക്ക്, ഛത്തീസ്ഗഡിലെ ഇരുപനാർ സ്കൂളിനു വേണ്ടി. ക്ലാരൻസ് ബാംഗ്ലൂർ, പോൾ തിമോത്തി ട്രസ്റ്റിന്റെ ആർദ്രം പദ്ധതിക്കായി. | |

Printed & Published by Tenson Joseph for Renewal Team at Thomson Press, Cochin, Karimpatta Road, Pallimukku, Cochin - 682 016.
Type Setting & Layout : Design Enroute, Ekm,